വർഷത്തെ ജൂനിയർ സിസ്റ്റേഴ്സിന്റെ റിഫ്രഷർ കോഴ്സ് നടത്തി. ഏപ്രിൽ 4 മുതൽ 13 വരെ പടവരാട് സെന്റ് ട്രീസാസ് കോൺവെന്റിൽ വച്ച് നടന്ന Come & See Programme ൽ 15 പേർ പങ്കെടുത്തു. ഏപ്രിൽ 4, 6 തീയതികളിൽ *സുവിശേഷവത്കരണം സാമൂഹ്യസേവനത്തിലൂടെ* എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് Clarist Empowering Programme (CE Programme) , Clarist Divine Bridge ( CD Bridge) എന്ന പേരിൽ 1000 ഭവനങ്ങളെ KLM ന്റെ ഇൻഷൂറൻസ് പദ്ധതിയിൽ ചേർക്കുകയും 100 ഭവനങ്ങളെ ദത്തെടുക്കുകയും ചെയ്യുന്ന പ്രോജക്റ്റിന്റെ തൃശ്ശൂർ സോൺ ഉദ്ഘാടനം തൃശ്ശൂർ M.I കോൺവെന്റ് ഓഡിറ്റോറിയത്തിലും ഗുരുവായൂർ സോൺ ഉദ്ഘാടനം എൽ.എഫ്.കോളേജ് ഓഡിറ്റോറിയത്തിലും നടത്തി.

3. **എസ്.എ.ബി.എസ്.**

ഏപ്രിൽ 6 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് രണ്ടു ദിവസത്തെ പ്രാർത്ഥനയ്ക്കു ശേഷം 18 ജൂനിയർ സിസ്റ്റേഴ്സ് വ്രതവാഗ്ദാനം നടത്തി. ഏപ്രിൽ 6 മുതൽ 12 വരെ ജനറലേറ്റിന്റെ നേതൃത്വത്തിൽ കറുകുറ്റി അസ്സീസ്സി ശാന്തി കേന്ദ്രയിൽ നടന്ന SABS Provincial Team Orientation - 2019 ൽ തൃശൂർ പ്രൊവിൻഷ്യൽ ടീം പങ്കെടുത്തു. ഏപ്രിൽ 17 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടന്നു. കഴിഞ്ഞ 3 വർഷങ്ങളിൽ ഭവനസമൂഹങ്ങൾക്ക് നേതൃത്വം നൽകിയ സുപ്പീരിയേഴ്സിന് പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ നന്ദിയർപ്പിച്ചു. ഏപ്രിൽ 24 ന് പ്രോവിൻസിന്റേയും എല്ലാ ഭവനസമൂഹങ്ങളുടേയും ഓഡിറ്റ് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. ഏപ്രിൽ 29 ന് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് തൃശൂർ അതിരൂപതാസഹായ മെത്രാൻ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധ ബലി മദ്ധ്യേ 3 നോവിസസ് സഭാവസ്ത്രം സ്വീകരിച്ച് പ്രഥമ വ്രതവാഗ്ദാനം നടത്തി.

4. **സി.എച്ച്.എഫ്.**

നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ഏപ്രിൽ 7 മുതൽ 13 വരെ റവ. ഫാ.ജോസൻ പടിക്കലയുടെ നേതൃത്വത്തിൽ വാർഷിക ധ്യാനം നടത്തപ്പെട്ടു. 60 സിസ്റ്റേഴ്സ് പങ്കെടുത്തു. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ 23, 24, 25, 26 തിയതികളിലായി ധ്യാനോപാസന (അനുധ്യാന പരിശീലനം ) നടത്തി.

5. **സി.എസ്.സി.**

10.04.2019 മുതൽ 12.04.2019 വരെ ബൈബിൾ ഗ്രാമം, ക്രിസ്റ്റീൻ എന്നീ രംഗത്ത് പ്രവർത്തിക്കുന്നവർക്കുവേണ്ടിയുള്ള Fire Conference മുല്ല ക്കര ആത്മദർശൻ കോൺവെന്റിൽ വച്ച് നടന്നു. 30 ന് കോലഴി മരിയഭവൻ ജനറലേറ്റിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 09 ജൂനിയേഴ്സ് നിത്യവ്ര താർപ്പണം നടത്തി.

6. **സി.എസ്.എം.**

ജൂനിയർ സിസ്റ്റേഴ്സിനായി 2 ദിവസത്തെ റിന്യൂവൽ കോഴ്സ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. പ്രൊവിൻഷ്യൽ ഹൗസ് കപ്ലോൻ ബഹു. ഫാ. നൈസൻ ഏലന്താനത്ത്, അസി. പ്രൊവിൻഷ്യൽ ബഹു. സി. ഫെമി ലാസർ എന്നിവർ ക്ലാസ്സുകൾ നയിച്ചു. 3–ാം തീയതി 18 ജൂനിയർ സിസ്റ്റേഴ്സ് ദിവ്യബലി മദ്ധ്യേ വ്രതവാഗ്ദാനം ചെയ്തു. ആദ്യവ്രതവാഗ്ദാനത്തിനും നിത്യവ്രത വാഗ്ദാനത്തിനും ആയി ഒരുങ്ങുന്ന നോവീസസും ജൂനിയർ സിസ്റേ റഴ്സും മുളയം സെന്റ് പയസ്സ് കോൺവെന്റിൽ ഒരു മാസം പ്രാർത്ഥ നയിൽ ചിലവഴിക്കുന്നു. 22–ാം തീയ്യതി പ്രൊവിൻഷ്യൽ സുപ്പീരി യർ ബഹു.സി.ജിയോ മരിയയുടെ നാമഹേതുക തിരുന്നാളും പ്രോവിൻസ് ഡേയും സമുചിതമായി പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു.23 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഈ വർഷം ആദ്യവ്രതവാഗ്ദാനത്തിനും നിത്യവ്രതവാഗ്ദാനത്തിനും ആയി ഒരുങ്ങുന്ന നോവീസസിനും ജൂനിയർ സിസ്റ്റേഴ്സിനും പേഴ്സണൽ ഇന്റർവ്യു നടത്തി. 26–ാം തീയതി അഞ്ചേരി മർത്താ മെഡിക്കൽ സെന്ററിന്റെ എക്സിക്യൂട്ടീവ് കമ്മിററി മീററിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ജിയോ മരിയ പങ്കെടുത്തു.

## ആദരാഞ്ജലികൾ



**08/4/19 – സി.എം.സി.** കണിമംഗലം സെന്റ് ജോർജ്ജ് മഠാംഗമായ സി. എൽമോ നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



**08/04/2019 – സി.എച്ച്.എഫ്** ഒളരി ഹോളിഫാമിലി കോൺവെന്റ് ഭവനാംഗമായ ബഹു.സി. പെട്രീഷ്യ നിര്യാതയായി. അഭിവന്ദ്യ മാർ ആഡ്രൂസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒളരിക്കര ഹോളി ഫാമിലി കോൺവെന്റ് കല്ലറയിൽ സംസ്കരിച്ചു.



**10/04/2019 – സി.എച്ച്.എഫ്** നവജ്യോതി പ്രോവിൻസിലെ അരണാട്ടുകര ഇൻഫന്റ് ജീസ്സസ്സ് ഭവനാംഗമായ ബഹു.സി. ട്രീസ മാർഗരറ്റ് നിര്യാതയായി. വികാരി ജനറാൾ റവ. ഫാ. ജോസ് വല്ലൂരാന്റെ മുഖ്യകാർമ്മികത്വത്തിൽ 11/4/2019 ന് മുക്കാട്ടുക്കര ബെത്‌ലേഹം കോൺവെന്റ് കല്ലറയിൽ സംസ്ക്കരിച്ചു.



**15/04/2019 – സി.എസ്.സി.** കല്ലൂർ, സെന്റ് ജോസഫ്സ് ഭവനാംഗമായ ബഹു.സി. ബാപ്റ്റിസ്റ്റ നിര്യാതയായി. 17.04.2019 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സംസ്ക്കരിച്ചു.



**23/04/2019 –സി.എം.സി.** ചൂണ്ടൽ മരീന ഹോം മഠാംഗമായ സി. ജോസ് മേരി നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മഠം വക കല്ലറയിൽ സംസ്ക്കരിച്ചു.



**27/04/2019 – സി.എം.സി.** കുരിയച്ചിറ സെന്റ് പോൾസ് മഠാംഗമായ സി. ഡോമ്ന നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ചിയ്യാരം ലേഡി വിക്ടറി മഠം വക കല്ലറയിൽ സംസ്ക്കരിച്ചു.

**സി. നമിത റോസ് സി.എം.സി.**
സി. ആർ.ഐ. സെക്രട്ടറി

# പാസ്റ്ററൽ കൗൺസിൽ യോഗം

**2019 ജൂൺ 8, ശനി, 10am**

## ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ

പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത സാധാരണയോഗം 2019 ജൂൺ 8, ശനി, ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് രാവിലെ 10 മുതൽ നടത്തുന്നു. എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ചർച്ചാവിഷയം :**

## മാറുന്ന വിവാഹ സങ്കല്പങ്ങളും

## മരിക്കുന്ന കുടുംബങ്ങളും

ഭൗതിക ചിന്ത വ്യാപകമാവുകയും സുഖതൃഷ്ണയും സ്വാർത്ഥ മോഹങ്ങളും തീക്ഷണമാവുകയും ചെയ്യുന്ന കാലഘട്ടമാണിത്. കമ്പോള സംസ്ക്കാരം മനുഷ്യസമൂഹത്തിന്റെ സർവതലങ്ങളേയും അടക്കി വാഴുന്ന ധാർമിക ച്യുതിയുടെ യുഗം. പാരമ്പര്യങ്ങളെ അപ്പാടെ മാറ്റി നിർത്തിയിട്ട് പുതിയൊരു സംസ്ക്കാര സൃഷ്ടിക്കായി പരക്കം പായുകയാണ് ഈ യുഗത്തിലെ മാനവൻ. സുഖതൃഷ്ണയുടെ പൂർത്തീകരണത്തിനുവേണ്ടിയുള്ള അന്ധമായ ഈ പരക്കം പാച്ചിലിൽ തകർന്നടിഞ്ഞിരിക്കുന്നത് ദൈവികപദ്ധതിയും മനുഷ്യസമൂഹസൃഷ്ടിയുടെ അടിസ്ഥാന ഘടകങ്ങളായ കുടുംബബന്ധങ്ങളും നന്മയിലൂന്നിയ കുടുംബജീവിതവുമാണ്.

**ചർച്ചാ സഹായി**

1. ദമ്പതികൾ : പരി. ത്രിത്വത്തിന്റെ ഐക്കൺ എന്ന ബോധ്യം യുവതലമുറയ്ക്ക് പകർന്നു കൊടുക്കാൻ നമുക്ക് എങ്ങനെ സാധിക്കും?
2. വിവാഹത്തിൽ മതപരമായ നിസംഗതയെന്ന അപകടം നമ്മുടെ സമുദായത്തെയും കുടുംബങ്ങളെയും എപ്രകാരം ബാധിക്കുന്നു? എങ്ങനെ അതിനെ നമുക്ക് മറികടക്കാം?
3. ആധുനിക ജീവിത സംസ്കാരത്തിൽ വിവാഹ ജീവിതത്തിന്റെ ആത്മീയത്യ്ക്ക് ശോഷണം വന്നിട്ടുണ്ടോ? എന്താണ് അതിന് കാരണം?
4. വിവാഹം ഒരു കൂദാശ എന്ന നിലയിൽ നിന്ന് ഒരു ഇവന്റ് മാനേജ്മെന്റായി തരംതാഴ്ന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ ഈ പ്രവണതയെ നിരുത്സാഹപ്പെടുത്താനാകും?

ഈ വിഷയം പ്രതിനിധിയോഗത്തിലും പാസ്റ്ററൽ കൗൺസിൽ സബ് കമ്മിറ്റികളിലും ചർച്ച ചെയ്ത് റിപ്പോർട്ടും നിർദ്ദേശങ്ങളും ജൂൺ 7നു അതിരൂപത കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

**ഫാ. മാത്യു കുറ്റിക്കോട്ടിയിൽ**
ജനറൽ സെക്രട്ടറി



THRISSUR CATECHETICAL CENTRE

GO AND PREACH TO ALL THE NATIONS

# മതബോധനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ സ്നേഹം നിറഞ്ഞ മക്കളേ,

അവധിക്കാലം കഴിഞ്ഞ് പുതിയ അദ്ധ്യയന വർഷത്തിലേക്ക് നിങ്ങൾ പ്രവേശിക്കുകയാണ്. കൂടുതൽ സമയം പ്രാർത്ഥിക്കുവാനും വിശ്രമിക്കുവാനും വിനോദങ്ങളിൽ ഏർപ്പെടുവാനും അതുവഴി പുതിയ ഉന്മേഷം ലഭിക്കുവാനും ഈ അവധിക്കാലം സഹായകമായെന്ന് കരുതുന്നു. പുതിയ അദ്ധ്യയന വർഷം കൂടുതൽ ഉണർവോടെ അനുഗ്രഹപ്രദവും, ഫലദായകവുമാക്കുവാൻ നിങ്ങൾ പ്രാർത്ഥിക്കണം.

"Well Begun, Half Done" എന്ന പഴഞ്ചൊല്ല് നമുക്ക് സുപരിചിതമാണല്ലോ? ഈ അദ്ധ്യയനവർഷം ഏറ്റവും നന്നായി ആരംഭിക്കുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. താൻ പാതി, ദൈവം പാതി എന്ന് നാം പറയാറുണ്ട്. അതിന്റെയർത്ഥം ദൈവത്തിൽ ആശ്രയിച്ച് നാം ചെയ്യുന്ന കഠിന പ്രയത്നത്തിന് അനുസൃതമായിട്ടാണ് ദൈവത്തിന്റെ അനുഗ്രഹം നമുക്ക് ലഭിക്കുക എന്നതാണ്.

അദ്ധ്യയനവർഷത്തിൽ ബുദ്ധിപരമായ വളർച്ചയ്ക്കൊപ്പം വിശ്വാസപരിശീലനവും നാം നേടേണ്ടതുണ്ട്. യേശുവാണ് നമ്മുടെ മാതൃക. യേശുവിനെ കുറിച്ച് ലൂക്കായുടെ സുവിശേഷം 2–ാം അദ്ധ്യായം 52–ാം വാക്യത്തിൽ നാം വായിക്കുന്നു, "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നു." നമ്മുടെ വിശ്വാസപരിശീലനം/മതബോധനം ഈ മാതൃകയിലായിരിക്കണം. സുഭാഷിതങ്ങളുടെ പുസ്തകത്തിൽ നാം വായിക്കുന്നത് ഇപ്രകാരമാണ്. "മനുഷ്യർ ജ്ഞാനവും പ്രബോധനവും ഗ്രഹിക്കുവാനും, ഉൾകാഴ്ച തരുന്ന വാക്കുകൾ മനസ്സിലാക്കാനും, വിവേകപൂർണ്ണമായ പെരുമാറ്റം, ധർമ്മം, നീതി, ന്യായം എന്നിവ പരിശീലിക്കാനും, സരള

ഹൃദയർക്കു വിവേകവും യുവജനങ്ങൾക്ക് അറിവും വിവേചനാശക്തിയും പ്രദാനം ചെയ്യാനും, വിവേകി ശ്രദ്ധിച്ചുകേട്ട് അറിവ് വർധിപ്പിക്കാനും, ധാരണാശക്തിയുള്ളവൻ പഴമൊഴി, അലങ്കാരപ്രയോഗം, ജ്ഞാനികളുടെ സൂക്തങ്ങൾ, അവരുടെ കടങ്കഥകൾ എന്നിവ ഗ്രഹിക്കാൻ തക്ക കഴിവ് നേടാനുമത്രെ ഇവ. ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ഉറവിടം". (സുഭാ 1, 2 – 7)

പത്രോസ് ശ്ലീഹാ പറഞ്ഞതുപോലെ 'യേശുക്രിസ്തുവിന്റെ കൃപയിലും, അവനെ കുറിച്ചുള്ള അറിവിലും' (2 പത്രോ 3, 18) വളരാൻ മതബോധനം സഹായകമാകണം. ക്രിസ്ത്യാനികളായ നാം യേശുക്രിസ്തുവിൽ വേരുറപ്പിക്കപ്പെട്ടും പണിയപ്പെട്ടും ആണ് വിശ്വാസത്തിൽ വളരേണ്ടത് (കൊളോ 2, 6 – 7). അതിനാൽ വിശ്വാസ പരിശീലനത്തിന്റെ ലക്ഷ്യം യേശുക്രിസ്തുവിനെ അറിയുക, അനുഭവിക്കുക (അനുസരിക്കുക, അനുകരിക്കുക, അനുഗമിക്കുക), അറിയിക്കുക എന്നുള്ളതാണ്.

യേശുക്രിസ്തുവിനെ അറിയാനുള്ള ഏറ്റവും നല്ല മാർഗ്ഗം എല്ലാ ദിവസവും ദൈവവചനം വായിക്കുകയും, മതബോധന പുസ്തകങ്ങൾ പഠിക്കുകയും, മാതാപിതാക്കളുടെയും ഗുരുഭൂതരുടേയും ഉപദേശങ്ങൾ ശ്രവിക്കുകയുമാണ്. ഇക്കാര്യത്തിൽ വിശുദ്ധർ നമുക്ക് നല്ല മാതൃകളാണ്. ഡൊമിനിക് സാവിയോയും, കൊച്ചു ത്രേസ്യായും, ഡോൺ ബോസ്കോയുമൊക്കെ നമുക്ക് തരുന്ന ഉപദേശം ഇതാണ്.

യേശുവിനെ അനുഭവിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം പ്രാർത്ഥനയും, കൂദാശകളുടെ, പ്രത്യേകിച്ച് വി. കുർബാനയുടെ സ്വീകരണവുമാണ്. അതുവഴി നമ്മൾ യേശുവിന്റെയും സഭയുടെയും കൽപനകൾ അനുസരിക്കുകയും, മാതൃക അനുകരിക്കുകയും യേശുവിനെ അനുഗമിക്കുന്ന ഉത്തമ ക്രിസ്ത്യാനികളായി തീരുകയും ചെയ്യുന്നു.

ഇന്നത്തെ സഭയുടെ ഏറ്റവും വലിയ പ്രതിസന്ധി യേശുവിനേയും സഭയേയും 1) അറിയാത്തവരുടേയും, 2) ആഴത്തിൽ അറിയാത്തവരുടേയും, 3) തെറ്റായി അറിഞ്ഞവരുടേയും, 4) ഉപേക്ഷിച്ചവരുടേയും എണ്ണം കൂടിവരുന്നു എന്നുള്ളതാണ്. അതിനാൽ യേശുവിനേയും സഭയേയും ആഴത്തിൽ അറിയേണ്ടതും, ബോധ്യമുള്ള ക്രിസ്ത്യാനികളായി വളരേണ്ടതും ഇന്നിന്റെ ആവശ്യമാണ്. ഓരോ വർഷാരംഭത്തിലും അവസാനത്തിലും നാമോരോരുത്തരും ഇങ്ങനെ ബോധ്യമുള്ള ക്രിസ്ത്യാനികളായി മാറുന്നുണ്ടോയെന്ന് ചിന്തിക്കുന്നത് നല്ലതാണ്.

രക്ഷകനായ യേശു സ്നേഹത്തിന്റെ കൽപന നൽകി (യോഹ 13, 34–35; 15, 17) ശിഷ്യർക്ക് കൊടുത്ത ഏറ്റവും വലിയ ദൗത്യം ലോകമെങ്ങും പോയി സുവിശേഷം അറിയിക്കാനാണ്. അതിനാൽ മറ്റുള്ളവരോട് യേശുവിനെ കുറിച്ചും സഭയെ കുറിച്ചും പറയാത്തവർക്ക് യഥാർത്ഥ

ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുവാൻ സാധ്യമല്ല. അതിനാൽ മത ബോധനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് യേശുവിനെ അറിയിക്കുക എന്ന മിഷനറിമാരാകാനുള്ള ദൗത്യ സ്വീകരണമാണ്.

വിശ്വാസപരിശീലനത്തിന് നിങ്ങളെ സഹായിക്കുന്ന നിങ്ങളുടെ മാതാപിതാക്കളെയും, ഗുരുഭൂതരെയും, വൈദികരെയും, സന്യസ്തരെയും നന്ദിയോടെ ഓർക്കുന്നു. നിങ്ങൾക്ക് അവരോട് സ്നേഹവും ബഹുമാനവും ഉണ്ടാകണം. വിശ്വാസ പരിശീലനം ലഭിച്ചവർ പിന്നീട് വിശ്വാസ പരിശീലകരാകേണ്ടതാണ്. പുതിയ അദ്ധ്യയനവർഷം നിങ്ങൾക്ക് അനുഗ്രഹദായകമാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

പരിശുദ്ധാത്മാവിന്റെ വരങ്ങളും ദാനങ്ങളും വിശ്വാസ പരിശീലനത്തിന് ആവശ്യമാണ്. യേശു പറഞ്ഞു, "എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും." (യോഹ 14, 26). ഈശോ നിങ്ങളെ അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

താഴെ പറയുന്ന ചോദ്യങ്ങൾ ക്ലാസിൽ ചർച്ച ചെയ്ത്, നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതിയറിയിക്കുവാൻ താത്പര്യപ്പെടുന്നു.

1). വിശ്വാസപരിശീലനം (മതബോധനം) ഈ വർഷം എങ്ങനെ നടത്താനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?

2). വിശ്വാസ പരിശീലനത്തിന്റെ അർത്ഥവും ലക്ഷ്യവും എന്താണ്?

3). വിശ്വാസ പരിശീലനത്തിന് യേശു നൽകുന്ന മാതൃക എന്താണ്?

4). നിങ്ങൾക്കിഷ്ടപ്പെട്ട വിശുദ്ധർ ആരാണ്? അവരുടെ മാതൃക എന്താണ്?

5). സുഭാഷിതങ്ങൾ 1–ാം അദ്ധ്യായം 2 മുതൽ 7 വരെയുള്ള ദൈവവചനത്തിന്റെ അർത്ഥമെന്താണ്?

# മതബോധന വാർത്തകൾ

പുതിയ അധ്യയനവർഷത്തെ പ്രതീക്ഷയോടെ നമുക്ക് വരവേൽക്കാം. നവാഗതർക്ക് ഹൃദയപൂർവ്വം സ്വാഗതം നേരുന്നു. തിരുഹൃദയഭക്തി കൊണ്ടാടുന്ന ഈ മാസത്തിൽ ഈശോയിൽനിന്ന് നമുക്ക് പഠിക്കാം. പുതിയ അധ്യയനവർഷം അനുഗ്രഹപ്രദവും അനുഭവസമ്പന്നവുമാകട്ടെ എന്ന് എല്ലാ അധ്യാപകരോടും വിദ്യാർത്ഥികളോടും ആശംസിക്കുന്നു.

**1. അധ്യയനവർഷാരംഭവും പ്രവേശനോത്സവവും ജൂൺ 2ന്**

മതബോധനക്ലാസ്സുകൾ ജൂൺ 2ന് ആരംഭിക്കുന്നു. അന്നുതന്നെ പ്രവേശനോത്സവം നടത്തുന്നു.

**2. അഭിനന്ദനങ്ങൾ**

കഴിഞ്ഞ അധ്യയനവർഷത്തിൽ വിശ്വാസപരിശീലനത്തിൽ ജേതാക്കളായവർക്കും കൂടുതൽ മികവോടെ സമ്മാനങ്ങളും റാങ്കുകളും നേടിയവർക്കും അവരെ പരിശീലിപ്പിച്ചവർക്കും പ്രോത്സാഹിപ്പിച്ചവർക്കും ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ.

**3. നന്ദി.**

യൂണിറ്റുകളിൽ മതാധ്യാപകരായി ശുശ്രൂഷചെയ്ത് വിരമിച്ചവർക്കും ഹെഡ്മാസ്റ്റർ പദവിയിൽനിന്ന് മാറിയവർക്കും കൃതജ്ഞതയർപ്പിക്കുന്നു. നിങ്ങളുടെ നിസ്തുല സേവനത്തെ ശ്ലാഘിക്കുന്നു.

**4. പ്രബോധനവിഷയവും പ്രവർത്തനമേഖലയും**

പുതിയ അധ്യയനവർഷത്തിലെ പ്രബോധനവിഷയവും പ്രവർത്തനമേഖലയും **'ദൈവാനുഭവവും വിശ്വാസവളർച്ചയും'** എന്നതായിരിക്കും.

**5. PLUS TWO വിജയിച്ചവരുടെ വിശ്വാസപ്രഘോഷണം ജൂൺ 23ന്**

വിശ്വാസപരിശീലനത്തിൽ 2018–2019 അധ്യയനവർഷത്തിൽ **PLUS TWO** വിജയകരമായി പൂർത്തിയാക്കിയവർക്കായി യൂണിറ്റിൽ ജൂൺ 23ന് ദിവ്യബലിയിൽ പ്രത്യേകം പ്രാർത്ഥിക്കുകയും അവരുടെ വിശ്വാസപ്രഘോഷണം ദിവ്യബലി മദ്ധ്യേ ആഘോഷമായി നടത്തുകയും അവരെ ആദരിക്കുകയും ചെയ്യുന്നത് നല്ലതായിരിക്കും.

**6. പാഠപുസ്തകവിതരണം**

2019 മെയ് 27 മുതൽ മതബോധനകേന്ദ്രത്തിൽനിന്നും പാഠപുസ്തകങ്ങൾ വിതരണം ചെയ്തു തുടങ്ങി. വാങ്ങിക്കൊണ്ടുപോയ

പുസ്തകങ്ങൾ തിരിച്ചെടുക്കുന്നതല്ല. അതിനാൽ ആവശ്യത്തിനു മാത്രം പുസ്തകങ്ങൾ വാങ്ങുക.
വാങ്ങേണ്ട പുസ്തകങ്ങളുടെ ഇൻഡന്റ് നേരത്തെ തന്നിരിക്കണം. ഇൻഡന്റ് മതബോധന ബ്ലോഗിൽ നിന്നും, സോഫ്റ്റ് വെയറിലെ News എന്നതിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇൻഡന്റ് ഇവിടെ ലഭിച്ചുകഴിഞ്ഞാൽ അതനുസരിച്ചുള്ള പുസ്തകങ്ങൾ ഇവിടെ ഒരുക്കി വയ്ക്കുന്നതാണ്. നിങ്ങളുടെ ഓർഡർ ലഭിച്ചുകഴിഞ്ഞ് 5 ദിവസത്തിനുശേഷം റൊക്കം പണം തന്ന് പുസ്തകങ്ങൾ കൊണ്ടുപോകാവുന്നതാണ്.

സമയം : 10AM to 4PM
സ്ഥലം : Catechetical Religious Stall, DBCLC.

## 7. 2019-2020 അധ്യയനവർഷത്തെ പാഠപുസ്തകങ്ങളുടെ വിലവിവരപട്ടിക

| Std. | Sunday Catechism Malayam | English | School Catechism Malayalam | Moral Science Malayalam | English |
|---|---|---|---|---|---|
| I | 25 | 35 | 25 | 45 | 55 |
| II | 25 | 35 | 25 | 45 | 55 |
| III | 25 | 35 | 25 | 45 | 55 |
| IV | 25 | 35 | 25 | 45 | 55 |
| V | 30 | 40 | 25 | 50 | 55 |
| VI | 30 | 40 | 25 | 50 | 55 |
| VII | 30 | 40 | 25 | 50 | 55 |
| VIII | 30 | 40 | 25 | 50 | 55 |
| IX | 30 | 40 | 25 | 50 | 60 |
| X | 30 | 40 | 25 | 50 | 60 |
| XI | 30 | 40 | -- | 40 | 70 |
| XII | 30 | 40 | -- | 40 | 70 |

1) Non-detailed, Bible Study, Nursery Book: Rs. 10/- each.
2) Non -detailed Eng. Std. VII-XII Rs. 15/-
3) ACC Basic Text Book YOUCAT (for 3 years): Mal. Rs. 150/-; Eng. Rs. 350/-, ACC Supplementary Reader : Rs. 30/-

## 8. Contact Class Std. XI & XII

ആദ്യത്തെ ക്ലാസ്സ് July 14- ന് ആണ്. ഈ സംവിധാനത്തിൽ ചേരുന്നതിനുള്ള രജിസ്ട്രേഷൻ ഫോം മതബോധനകേന്ദ്രത്തിന്റെ Blog ൽ ലഭ്യമാണ്. അപേക്ഷകൾ ബഹു. വികാരിയച്ചന്റെ ശിപാർശ സഹിതം 2019 ജൂൺ 24ന് മുമ്പ് മതബോധനകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

## 9. അധ്യാപകർക്കുള്ള ഏകദിന സെമിനാറുകൾ

വിശ്വാസപരിശീലകർക്കുള്ള ഈ അധ്യയനവർഷത്തെ ഏകദിന സെമിനാറുകൾ എല്ലാം DBCLC യിൽ ആയിരിക്കും നടത്തപ്പെടുന്നത്. ക്ലാസ്സടിസ്ഥാനത്തിലാണ് സെമിനാറുകൾ ക്രമീകരിച്ചിരിക്കുന്നത്. നിശ്ചിത ക്ലാസ്സുകളിലെ അധ്യാപകരെല്ലാവരും അവർക്കായി നിശ്ചയിച്ചിട്ടുള്ള ദിവസത്തെ സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. Extra Teachers ഏതെങ്കിലും ഒരു ദിവസം പങ്കെടുക്കണം ഒഴിച്ചുകൂടാനാവാത്ത കാരണങ്ങളാൽ നിശ്ചയിച്ച ദിവസത്തെ സെമിനാറിൽ പങ്കെടുക്കാൻ സാധിക്കില്ലെങ്കിൽ അതിനുമുമ്പോ പിമ്പോ ഉള്ള സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. മുടങ്ങിയവരെല്ലാവരും അവസാനദിവസത്തേക്ക് കാത്തുനിൽക്കരുത്.

സമയം 9 :30 AM - 5 PM. ; രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപ.

സെമിനാറിന്റെ ക്ലാസ്സുകളും തിയതികളും താഴെകൊടുക്കുന്നു:

| ക്ലാസ്സ് | തിയതി |
|---|---|
| **ACC** | **2019 ജൂൺ 9** |
| **X, XI, XII** & Absentees of June 9 | **2019ജൂൺ 16** |
| **VII, VIII, IX** & Absentees of June 16 | **2019 ജൂൺ 23** |
| **IV, V, VI** & Absentees of June 23 | **2019 ജൂൺ 30** |
| **I, II & III** & Absentees of June 30 | **2019 ജൂലൈ 7** |

## 10. സിലബസ്സിലെ നമസ്കാരങ്ങൾ

4–ാം ക്ലാസ്സ് കഴിയുമ്പോൾ ആഘോഷമായ പ്രഥമദിവ്യകാരുണ്യ സ്വീകരണം നടത്താവുന്ന വിധത്തിലാണ് വിശ്വാസപരിശീലനപാഠാവലി സംവിധാനം ചെയ്തിട്ടുള്ളത്. അതുകൊണ്ട് 4–ാം ക്ലാസ്സു കഴിയുന്നതോടെ എല്ലാ നമസ്കാരങ്ങളും കുട്ടികൾ മനഃപാഠമാക്കിയിരിക്കണം എന്ന രീതിയിലാണ് നമസ്കാരങ്ങൾ സിലബസ്സിൽപ്പെടുത്തുന്നത്. ആദ്യകുർബാനസ്വീകരണത്തിനു തൊട്ടുമുമ്പ് നമസ്കാരങ്ങളെല്ലാം പഠിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളും അവ

പഠിപ്പിക്കുന്നതിന് അവധിക്കാലത്ത് ക്ലാസ്സുകൾ നടത്തുന്നതിനുള്ള പ്രതിസന്ധികളും കണക്കിലെടുക്കുമ്പോൾ, നമസ്കാരങ്ങളെല്ലാം കുട്ടികളെ ആദ്യത്തെ 4 വർഷംകൊണ്ട് മാതാപിതാക്കന്മാരുടെയും വിശ്വാസപരിശീലകരുടെയും സഹായത്തോടെ പഠിപ്പിക്കുന്നതാണ് ഉചിതം. ഇപ്രകാരം പഠിച്ച നമസ്കാരങ്ങൾ ജീവിതത്തിൽ എക്കാലവും ഉപയോഗിക്കേണ്ടവയാകയാൽ, തുടർന്നും കുട്ടികൾ അവ ഓർത്തിരിക്കുന്നതിനും ഉപയോഗിക്കുന്നതിനുംവേണ്ടി എല്ലാ ക്ലാസ്സുകളിലും അവ സിലബസ്സിൽ ഉൾപ്പെടുന്നു. അതിനാൽ 1 മുതൽ 12 ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ പരീക്ഷകൾക്ക് നമസ്കാരങ്ങളും ഉണ്ടായിരിക്കും. അതിരൂപതാ മതബോധനകേന്ദ്രം പ്രസിദ്ധീകരിച്ചിട്ടുള്ള *വേദോപദേശ സംക്ഷേപം* എന്ന പുസ്തകത്തിലെ നമസ്കാരങ്ങളായിരിക്കും ഇവ. ഓരോ ക്ലാസ്സിലേക്കും നിശ്ചയിച്ചിരിക്കുന്ന നമസ്കാരങ്ങളുടെ പട്ടിക അധ്യാപകർക്കുള്ള വാർഷിക പ്രോഗ്രാമിൽ സൂചിപ്പിക്കുന്നതാണ്.

## 11. യൂണിറ്റ് വിസിറ്റ്

യൂണിറ്റ് വിസിറ്റ് കഴിഞ്ഞ വർഷങ്ങളിലായി തുടർന്നുവരുന്ന രീതിതന്നെ ഈ വർഷവും തുടരും. ജൂലായ് 14ന് ആരംഭിച്ച് അർദ്ധവാർഷിക പരീക്ഷയ്ക്ക് മുമ്പ് അവസാനിപ്പിക്കുന്ന വിധത്തിലാണ് ക്രമീകരിക്കുന്നത്. സന്ദർശന തിയ്യതികൾ പൊതുവായി നിശ്ചയിച്ച് Blog-ൽ പ്രസിദ്ധീകരിക്കുന്നതാണ്. യൂണിറ്റ് സന്ദർശനത്തിന് ആവശ്യമായ എല്ലാ തയ്യാറെടുപ്പുകളും ജൂലായ് 14ന് മുമ്പുതന്നെ ചെയ്യുന്നതാണ് അഭികാമ്യം.

വിസിറ്റിനുള്ള ഫൊറോന ടീം രൂപീകരിക്കുന്നതിന് ഓരോ യൂണിറ്റിൽനിന്നും അനുയോജ്യമായ ഒരു വ്യക്തിയെ വിസിറ്റിംഗ് ടീമിലേക്ക് നല്കേണ്ടതാണ്. ടീമിൽ അംഗമാകുന്ന അധ്യാപകർക്ക് യൂണിറ്റ് വിസിറ്റ് നടക്കുന്ന കാലയളവിൽ സ്വന്തം യൂണിറ്റിൽ ക്ലാസ്സെടുക്കാൻ സാധിക്കാത്തതിനാൽ പകരമുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. യൂണിറ്റുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് കൃത്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും യൂണിറ്റു സന്ദർശനംവഴി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## 12. പ്രതിഭാ പരിശീലനം

പ്രതിഭാ പരിശീലനക്യാമ്പുകൾ ഈ വർഷവും രണ്ടുവിധത്തിലാണ് നടത്തുന്നത്.

Std. XII , VII **വിദ്യാർത്ഥികൾക്ക്:** യൂണിറ്റുകളിൽനിന്നും നിശ്ചിത മാനദണ്ഡമനുസരിച്ച് തെരഞ്ഞെടുക്കുപ്പെടുന്നവർക്ക് ആദ്യം ഏകദിന പരിശീലനം നൽകുന്നു. അവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടു

ന്നവർക്ക് പിന്നീട് ദ്വിദിനപരിശീലനം നൽകി അവരിൽനിന്നും സീറോ മലബാർ മതബോധനകമ്മീഷൻ നടത്തുന്ന പ്രതിഭാ സംഗമത്തിൽ പങ്കെടുക്കേണ്ടവരെ തെരഞ്ഞെടുക്കുന്നു. യൂണിറ്റുകളിൽനിന്നും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങളും അപേക്ഷാഫോമും Blog-ൽ പ്രസിദ്ധീകരിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷാഫോമുകൾ ജൂലൈ 1 നുമുമ്പ് മതബോധനകേന്ദ്രത്തിൽ നൽകണം.

ഏകദിന ക്യാമ്പ് ദിവസങ്ങൾ :

Std. XII : 2019 ഒക്ടോബർ 27 ഞായർ (9:30 AM to 4:30 PM; DBCLC)
Std. VII : 2019 നവംബർ 10 ഞായർ (9:30 AM to 4:30 PM; DBCLC)

**പ്രതിഭ: തുടർപരിശീലന ക്യാമ്പ് Std. VIII, IX, X, XI**

Std. VIII-XI ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി പ്രതിഭാ പരിശീലനത്തിന്റെ ഫോളോ അപ്പ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ VII, VIII, IX & X ക്ലാസ്സുകളിലെ പ്രതിഭാ പരിശീലനത്തിൽ അതിരൂപതാതല സെലക്ഷൻ ലഭിച്ചവർക്ക് ഇതിൽ പങ്കെടുക്കാം. അപ്രകാരം സെലക്ഷൻ നടത്തിയപ്പോൾ അവസരം കിട്ടാതെ പോയ പ്രാപ്തരായ വിദ്യാർത്ഥികൾക്കും അവസരം നൽകുന്നതാണ്. മതബോധനകേന്ദ്രം നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡമനുസരിച്ച് പുതുതായി അപേക്ഷിക്കാം. അപേക്ഷാഫോം Blog-ൽ പ്രസിദ്ധീകരിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷാഫോമുകൾ ജൂലൈ 5 ന് മുമ്പ് മതബോധനകേന്ദ്രത്തിൽ നല്കേണ്ടതാണ്.

ഏകദിന ക്യാമ്പ് ദിവസങ്ങൾ : **9:30 AM to 4:30 PM; DBCLC**

Std. XI : 2019 ജൂലൈ 14 ഞായർ
Std. X : 2019 ജൂലൈ 21 ഞായർ
Std. IX : 2019 ജൂലൈ 28 ഞായർ
Std. VIII : 2019 ഓഗസ്റ്റ് 4 ഞായർ

**NB:** ക്യാമ്പിൽ വി. കുർബാന ഉണ്ടായിരിക്കും; പങ്കെടുക്കുന്നവർക്ക് അന്നേ ദിവസത്തെ ഹാജർ ലഭിക്കുന്നതായിരിക്കും.

**13. റിസോഴ്സ് ടീം പരിശീലനം & ആനിമേഷൻ കോഴ്സ്**

മതബോധനകേന്ദ്രത്തിന്റെ റിസോഴ്സ് ടീമിനുള്ള പരിശീലനം ഈ വർഷവും നടത്തുന്നുണ്ട്. **'ദൈവാനുഭവവും വിശ്വാസവളർച്ചയും'** എന്ന വിഷയത്തെ ആസ്പദമാക്കിയാണ് പരിശീലനം നല്കുന്നത്. റിസോഴ്സ് ടീമിന്റെ പരിശീലനക്ലാസ്സും മതാധ്യാപകർക്കുള്ള ആനിമേഷൻ കോഴ്സും സംയുക്തമായാണ് നടത്തുന്നത്. റിസോഴ്സ് ടീമിൽ അംഗങ്ങളാകുന്നവരും ആനിമേഷൻകോഴ്സിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവരും പ്രസ്തുത ക്ലാസ്സുകളിൽ മുഴുവനും സംബ

ന്ധിക്കേണ്ടതാണ്. സംബന്ധിക്കുന്നവർ മുൻകൂട്ടി പേരുകൾ മതബോധനകേന്ദ്രത്തിൽ രജിസ്റ്റർചെയ്യണം.

ക്ലാസ്സുകളുടെ സമയം : ഉച്ചകഴിഞ്ഞ് 2:30 മുതൽ 5 വരെ

ക്ലാസ്സുകളുടെ തിയതികൾ :2019 ജൂലൈ 21, ജൂലൈ 28, ആഗസ്റ്റ് 4, ആഗസ്റ്റ് 18, ആഗസ്റ്റ് 25

ആനിമേഷൻ കോഴ്സ് : 2019 ജൂലൈ 21, ജൂലൈ 28, ആഗസ്റ്റ് 4

സ്ഥലം : **DBCLC**

## 14. അധ്യാപകരുടെ ആപ്റ്റിറ്റ്യൂഡ് പഠനവും പരീക്ഷയും

3 വർഷത്തെ ആപ്റ്റിറ്റ്യൂഡ് പഠനത്തിന് നിശ്ചയിച്ചിരിക്കുന്ന *വിശ്വാസവഴിയിലെ സംശയങ്ങൾ* എന്ന ഗ്രന്ഥം മതബോധനകേന്ദ്രത്തിൽ ലഭ്യമാണ്. അധ്യാപകർക്ക് മതബോധനകേന്ദ്രത്തിന്റെ സബ്സിഡി നിരക്കിലുള്ള വില പുസ്തകത്തിന് 60 രൂപയായിരിക്കും. ഓരോ അധ്യാപകനും സ്വന്തമായി പുസ്തകത്തിന്റെ ഒരു കോപ്പി ഉണ്ടായിരിക്കേണ്ടതാണ്. **ഈ വർഷത്തെ യൂണിറ്റ്തല പരീക്ഷ അർദ്ധവാർഷിക പരീക്ഷകൾക്കുശേഷം ഒക്ടോബർ 20ന് ആയിരിക്കും.**

ഈ വർഷത്തെ (2019)പാഠ്യഭാഗം: **പേജ് 9–115**

ഭാഗം 1 വിശുദ്ധഗ്രന്ഥം, ഭാഗം 2 സഭാചരിത്രം – റീത്തുകൾ

ഭാഗം 3 ക്രൈസ്തവസഭയും ഇതരമതങ്ങളും, ഭാഗം 4 മനുഷ്യനും ദൈവവിശ്വാസവും

## 15. പി. ടി. എ. ജനറൽബോഡി മീറ്റിംഗ്

ജൂൺ മാസത്തിൽ സൗകര്യമുള്ള ദിവസം യൂണിറ്റ് പി.ടി.എ. ജനറൽബോഡി മീറ്റിംഗ് കൂടുകയും ഒരു വർഷത്തേക്കുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് ആരംഭിക്കുകയും വേണം.

## 16. Catechism Software

മതബോധനയൂണിറ്റുകളിലെയും മതബോധനകേന്ദ്രത്തിലെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള Catechism Software പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാണ്. ഇതിന്റെ പ്രയോജനം കൂടുതൽ ലഭ്യമാകുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. പുതിയ വിവരങ്ങൾ ഉടനടി ചേർക്കുക: വിദ്യാർഥികളോ അധ്യാപകരോ പുതിയതായി ചേരുമ്പോൾത്തന്നെ ആവശ്യമായ മുഴുവൻ ഡാറ്റയും ശേഖരിക്കുകയും ഉടൻതന്നെ സോഫ്റ്റ് വെയറിൽ ചേർക്കുകയും ചെയ്യുക.
2. മുമ്പ് ചേർത്തിട്ടുള്ള വിവരങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉടനെത്തന്നെ സോഫ്റ്റ് വെയറിലെ ഡാറ്റയിലും വരുത്തുക (ഉദാ: അഡ്രസ്, ഫോൺ നമ്പർ, ക്ലാസ്സ്, ഡിവിഷൻ, അധ്യാപകരുടെ ഉത്തരവാദിത്വങ്ങൾ എന്നിവ)

3. ഹാജറുകൾ അതത് ദിവസം തന്നെ ചേർക്കുക.
4. പരീക്ഷാഫലങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഉടനെത്തന്നെ ചേർക്കുക.
5. മതബോധനയൂണിറ്റിലെ എല്ലാക്കാര്യങ്ങളുടെയും ഏറ്റവും പുതുക്കിയതും പൂർണ്ണവുമായ ഡാറ്റ ലഭിക്കത്തക്കവിധം സോഫ്റ്റ് വെയർ Up-to-date ചെയ്തുകൊണ്ടിരിക്കുക.

## 17. SMCC പ്രതിഭ (Std. VII)

ഏഴാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കുവേണ്ടി സീറോമലബാർ മതബോധനകമ്മീഷൻ സംഘടിപ്പിച്ച (SMCC) പ്രതിഭാസംഗമത്തിൽ നമ്മുടെ അതിരൂപതാംഗമായ **അന്നാ ജോസഫ് കെ. (അയ്യന്തോൾ)** പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു. അതിരൂപതയെ പ്രതിനിധീകരിച്ച് അലൻ ബോബി (വിയ്യൂർ), ജോഹൻ ലെയ്സൺ (തിരൂർ), അലൻ വർഗ്ഗീസ് (വില്ലടം) ഗ്രെയ്സ്മരിയ ജോമോൻ (ചിയ്യാരം സേവനാലയം), അന്നാ ജോസഫ് കെ. (അയ്യന്തോൾ), എലേന ബൈജു (മണലൂർ വെസ്റ്റ്) എന്നിവർ പ്രതിഭാസംഗമത്തിൽ പങ്കെടുത്തിരുന്നു. മുന്നോടിയായി നടത്തിയ അതിരൂപതാതലത്തിലുള്ള പരിശീലനക്കളരിയിൽ 31 പേർ സംബന്ധിച്ചിരുന്നു. വിദ്യാർത്ഥികൾക്കും പരിശീലകരായിരുന്ന അധ്യാപകർക്കും അഭിനന്ദനങ്ങൾ.



Anna Joseph K
Prathiba

## 18. മോറൽ സയൻസ് K.C.B.C. റാങ്ക് ജേതാക്കൾ

കഴിഞ്ഞ അധ്യയന വർഷത്തിൽ മോറൽ സയൻസിൽ K. C. B. C. അവാർഡിന് നമ്മുടെ അതിരൂപതയിൽ നിന്നും 12-ാം ക്ലാസ്സിലെ സിൻഡ റോസ് ടി. എസ്. രണ്ടാം റാങ്ക് (മമ്മിയൂർ ലിറ്റിൽ ഫ്ളവർ എച്ച്. എസ്. എസ്.), 10-ാം ക്ലാസ്സിലെ ദയ ടി. എസ്. രണ്ടാം റാങ്ക് (സെന്റ് പോൾ സി. എച്ച്. എസ്. എസ്. കുരിയച്ചിറ), നന്ദ വിജയൻ (വിജയമാത എച്ച്, എസ്. പൊന്നാനി), നന്ദന ടി. ജെ, ഇഷ അഷ്റഫ് (എൽ. എഫ്. സി. ജി. എച്ച്. എസ്. മമ്മിയൂർ) എന്നിവർ എ പ്ലസ് ഗ്രേഡും നാലാം ക്ലാസ്സിലെ നവമി ജെ നായർ(സി. കെ. സി. എൽ. പി. എസ്. പാവറട്ടി) രണ്ടാം റാങ്കിനും അർഹരായി. ഈ കുട്ടികൾക്കും ഇവരെ പരിശീലിപ്പിച്ചവർക്കും പ്രോത്സാഹിപ്പിച്ചവർക്കും ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ.

സസ്നേഹം,

**Fr. Tens Kunnappilly**
**Fr. Rijo Vithayathil**
**Fr. Justin Poozhikunnel**
Asst. Directors

**Fr. Raphael Akkamattathil**
Director

# Institute of THEOLOGY

**1. B.A. in Theology and Religious Studies:**

ബെൽജിയം ലുവെൻ യുണിവേഴ്സിറ്റിയുടെ ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2019 ജൂൺ മാസത്തിൽ ആരംഭിക്കുന്നു. ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9.30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office -മായി ബന്ധപ്പെടുക.

**2. Correspondence Theology Course: പുതിയ ബാച്ച്**

ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2019 ജൂലൈ 22–ാം തിയ്യതി 2 PM ന് ആരംഭിക്കുന്നു. പ്രതിമാസം രണ്ടാം ഞായർ, നാലാം ഞായർ എന്നീ ദിവസങ്ങളിൽ 2 PM മുതൽ 5 PM വരെയായിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office-മായി ബന്ധപ്പെടുക.

**ജൂൺ മാസത്തിലെ ക്ലാസ്സുകൾ**

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ജൂൺ 9, ജൂൺ 23 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും.

**3. Six Month Theology Course:**

സിസ്റ്റേഴ്സിനു വേണ്ടിയുള്ള ആറുമാസത്തെ തിയോളജി കോഴ്സ് ജൂൺ മുതൽ ആരംഭിക്കും. മേരിമാതാ മേജർ സെമിനാരിയിൽ വച്ചാണ് നടത്തുന്നത്. താല്പര്യമുള്ള സിസ്റ്റേഴ്സ് Institute of Theology Office–ൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

പന്തക്കുസ്താ തിരുന്നാൾ ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ



# മേരിമാത സെമിനാരി

1. **പുതിയ അദ്ധ്യയനവർഷത്തിനായുള്ള ഒരുക്കം**
മെയ് 23, 24, 25 എന്നീ ദിവസങ്ങളിൽ പുതിയ അദ്ധ്യയന വർഷം സംബന്ധിച്ച കാര്യങ്ങൾ വിഭാവനം ചെയ്യാനായി സ്റ്റാഫംഗങ്ങൾ ഒത്തുചേർന്നു. ധ്യാനത്തിനും പ്രാർത്ഥനക്കുമായി പ്രത്യേകമായി സമയം ചെലവഴിച്ചത് മെയ് 24–ാം തിയ്യതിയായിരുന്നു.
2. **നവാഗതർക്ക് സ്വീകരണം**
ആഗതമാകുന്ന അദ്ധ്യയനവർഷം തത്വശാസ്ത്ര–ദൈവശാസ്ത്ര പഠനമാരംഭിക്കുന്ന വൈദികവിദ്യാർത്ഥികൾ മെയ് 27–ാം തിയ്യതി സെമിനാരിയിൽ എത്തിച്ചേർന്നു. സെമിനാരികുടുംബം അവർക്ക് സ്നേഹപൂർവ്വം സ്വാഗതമേകി.
3. **ഓറിയന്റേഷൻ പ്രോഗ്രാം**
പരസ്പരം ഇടപഴകാനും തത്വശാസ്ത്ര–ദൈവശാസ്ത്ര പഠനത്തെക്കുറിച്ച് അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ മനസ്സിലാക്കാനും ഉതകുന്ന വിധത്തിൽ മെ് 28, 29 എന്നീ ദിവസങ്ങളിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു. റവ. ഫാ. രാജു അക്കര, റവ. ഫാ. ജോർജ്ജ് തോട്ടാൻ സി.എം. ഐ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ



# സെ. മേരീസ് മൈനർ സെമിനാരി

1. **സെലക്ഷൻ ക്യാമ്പ്**

   27 ഇടവകകളിൽ നിന്നായി 35 പേരാണ് ഏപ്രിൽ 22 മുതൽ 26 വരെയുള്ള ദിവസങ്ങളിൽ നടന്ന സെലക്ഷൻ ക്യാമ്പിൽ സംബന്ധിച്ചത്. അടുത്ത അധ്യയന വർഷത്തിലേക്കായി 22 പേരെയാണ് പുതുതായി തിരെഞ്ഞെടുത്തിട്ടുള്ളത്.

2. **മാതൃഭവനത്തിലേക്ക് വീണ്ടും**

   വേനലവധി കഴിഞ്ഞ് മെയ് 19 ന് വൈദികവിദ്യാർത്ഥികൾ മൈനർ സെമിനാരിയിലേക്ക് സന്തോഷത്തോടെ തിരിച്ചെത്തി.

3. **ദൈവശാസ്ത്ര തത്വശാസ്ത്ര പരിശീലനം ആരംഭിക്കുന്നവർ**

   2019–2020 അധ്യായന വർഷം തൃശ്ശൂർ അതിരൂപതക്ക് ഒന്നാംവർഷ ദൈവശാസ്ത്ര പരിശീലത്തിനയ്ക്കാൻ 3 ഉം ഒന്നാംവർഷ തത്ത്വശാസ്ത്ര പരിശീലനത്തിനയ്ക്കാൻ 16 ഉം വൈദിക വിദ്യാർത്ഥികളാണുള്ളത്. ദൈവശാസ്ത്ര പരിശീലനത്തിനായി തൃശൂർ മേരിമാത മേജർ സെമിനാരിയിലേക്ക് 3 വൈദികവിദ്യാർത്ഥികൾക്കും, പ്രവേശനം ലഭിച്ചിട്ടുണ്ട്. തത്വശാസ്ത്ര പരിശീലനത്തിനായി മോരിമാത സെമിനാരി (10), മംഗലപ്പുഴ സെമിനാരി (3), വടവാതുർ സെമിനാരി (3) എന്നീ ക്രമത്തിലാണ് വൈദികവിദ്യാർത്ഥികളെ അയ്ക്കുന്നത്.

4. **ദൈവദർശൻ ക്യാമ്പുകൾ**

   2019 എപ്രൽ 1 മുതൽ മെയ് 4 വരെയുള്ള ദിവസങ്ങളിൽ അതിരൂപതയിലെ 126 ഇടവകകളിൽ നമ്മുടെ മേജർ സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ദൈവദർശൻ ക്യാമ്പുകൾ നടത്തപ്പെട്ടു. ത്യാഗപൂർവ്വം ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ സൗമനസ്യം കാണിച്ച എല്ലാ വൈദികവിദ്യാർത്ഥികൾക്കും അവരെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്ത ഇടവകകളിലെ ബഹു. വികാരിയച്ചന്മാർക്കും ബഹു. സിസ്റ്റേഴ്സിനും മതബോധന അധ്യാപകർക്കും അഭിനന്ദനവും കൃതജ്ഞതയും നേരുന്നു.

**5. ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ബ്ലസ്സൻ, കണ്ണനായ്ക്കൾ ഹൗസ്, പേരാമംഗലം.
2. ശ്രീമതി മേരിക്കുട്ടി ജോൺ, കോനിക്കര ഹൗസ്, കാളത്തോട്.
3. ശ്രീ. ചാൾസ് ഫ്രാൻസിസ്, പള്ളിക്കുന്നൻ ഹൗസ്, കുട്ടനെല്ലൂർ, മരിയാപുരം.
4. ശ്രീ. എം. പി. ആന്റണി, മാളിയേക്കൽ ഹൗസ്, ചിറക്കൽ
5. ശ്രീമതി എൽസി ടോണി, ഇടുത്തൻ ഹൗസ്, പറപ്പൂക്കര
6. അനായ സിന്റോ, നെറ്റിക്കാടൻ ഹൗസ്, തൃക്കൂർ
7. ശ്രീ. പി. ഒ. രാജൻ, പുത്തൂർകൈതക്കോടൻ ഹൗസ്, കടങ്ങോട്
8. ശ്രീമതി ജിസ്സ രാജൻ, പുത്തൂർകൈതക്കോടൻ ഹൗസ്, കടങ്ങോട്
9. ശ്രീമതി തങ്കമ്മ ആന്റണി, കൊള്ളന്നൂർ ഹൗസ്, കുറ്റുമുക്ക്, വില്ലടം.

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ




## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റൂട്ട്

**1. എൻ.എ.ബി.എച്ച്. സേഫ്–ഐ അംഗീകാരം**

ആശുപത്രികളിലെ ചികിത്സാമേഖലകളിൽ സുരക്ഷിതത്വത്തിന് ഏർപ്പെടുത്തു സേഫ് ഐ അംഗീകാര ദാന ചടങ്ങിൽ സർക്കാരിന്റെ ഈ വർഷത്തെ ബെസ്റ്റ് ഡോക്ടർ അവാർഡ് ലഭിച്ച ഡോ. അനൂപ് കുമാർ സംബന്ധിച്ചു. 2018–ന് കോഴിക്കോടുണ്ടായ നിപ്പാ വൈറസിനെ തിരിച്ചറിഞ്ഞ് പ്രതിരോധമാർഗ്ഗങ്ങൾ നിർദ്ദേശിച്ച ഡോ. അനൂപിൽ നിന്നും സേഫ് ഐ സർട്ടിഫിക്കറ്റ് ജൂബിലി മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഏറ്റുവാങ്ങി. രോഗികളുടേയും ജീവനക്കാരുടേയും സന്ദർശകരുടേയും സുരക്ഷ മെച്ചപ്പെടുത്തുതിനും, സുരക്ഷിത ഇൻജക്ഷൻ, ഇൻഫ്യൂഷൻ, ബയോമെഡിക്കൽ മാലിന്യനിർമാർജ്ജനം, ആരോഗ്യപരിപാലനം

എന്നിവയിലൂടെ രോഗബാധ തടയുന്നതിൽ വിജയിക്കുവന്നർക്ക് എൻ.എ.ബി.എച്ച്. നൽകുന്ന അംഗീകാരമാണ് സേഫ് ഐ സർട്ടിഫിക്കേഷൻ. പ്രസ്തുത ചടങ്ങിൽ വച്ച് ജൂബിലി മിഷൻ ആശുപത്രിയുടെ ആന്റിബയോട്ടിക് പോളിസി, പുസ്തകരൂപത്തിൽ ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. ബിന്ദു പ്രകാശനം ചെയ്തു.

2. **വിഷുകൈനീട്ടമായി ജൂബിലി മിഷന്റെ മെഡിക്കൽ പവലിയൻ**

പുതുമ നിറഞ്ഞ വൈദ്യശാസ്ത്ര വിജ്ഞാനവുമായി പൂരം എക്സിബിഷനിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പവലിയൻ ഉദ്ഘാടനം ചെയ്തു. കാർഡിയോപൾമനറി റെസിസിറേഷൻ (സി.പി.ആർ.) പരിശീലനവും, സൗജന്യ രക്തസമ്മർദ്ദനിർണ്ണയവും, ഡോക്ടേഴ്സ് കൺസൾട്ടേഷനും പവലിയനിലുണ്ട്. പല അസുഖങ്ങളും സുഖപ്പെടുത്താൻ കഴിയുന്ന ഹൈപ്പർ ബാരിക് ഓക്സിജൻ തെറാപ്പി മോഡലുകളും, വിവിധ തരത്തിലുള്ള കാൻസർ ബാധിച്ച അവയവങ്ങളും, കാൻസർ വരാനുള്ള കാരണങ്ങളുമെല്ലാമായി വൈദ്യശാസ്ത്ര മേഖലയിലെ വിജ്ഞാനം സാധാരണ മനുഷ്യർക്കുതകുന്ന രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു. തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിലും പൂരം എക്സിബിഷൻ സെക്രട്ടറി രാധാകൃഷ്ണനും ചേർന്ന് പവലിയന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, പൂരം എക്സിബിഷൻ കമ്മിറ്റി അംഗങ്ങളായ മധു, മാധവൻകുട്ടി മാസ്റ്റർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

3. **ഗ്ലോക്കോമ വാരാചരണം**

തൃശ്ശൂർ അക്കാദമിക് ക്ലബ് ഓഫ് ഒഫ്ത്താൽമോളജി സംഘടിപ്പിച്ച ഗ്ലോക്കോമ വാരാചരണ സംസ്ഥാന തല സമാപന സമ്മേളനം, തൃശ്ശൂർ ലയൺസ് ക്ലബിന്റെ സഹകരണത്തോടെ ജൂബിലി മിഷൻ ആശുപത്രിയിൽ നടന്നു.

4. **അഭിനന്ദനങ്ങൾ .. ആശംസകൾ ..**

അനസ്തേഷ്യ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ബിജോയ് ചിറയത്ത് യൂറോപ്യൻ ഡിപ്ലോമ ഇൻ പെയിൻ മെഡിസിൻ നേടി, യൂറോപ്യൻ പെയിൻ ഫെഡറേഷന്റെ മെഡിക്കൽ പ്രാക്ടീഷണർ ആയി രജിസ്റ്റർ ചെയ്യപ്പെട്ടു.

5. **ഡയാലിസിസിന് സംഭാവന നൽകിയവർ**

- ലൂർദ്ദ് കത്തീഡ്രൽ, തൃശ്ശൂർ (ജോസഫ് നാമധാരികളുടെ സംഗമത്തിൽ നിന്നുള്ള സംഭാവന) (35 ഡയാലിസിസ്)

• സി.എൽ.സി. യൂണിറ്റ്, സെന്റ് ജോർജ്ജ് ചർച്ച്, മുക്കാട്ടുകര, നെട്ടിശ്ശേരി, തൃശ്ശൂർ 100 ഡയാലിസിസ്)

**6. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

• ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്),തൃശൂർ

**1. സെന്റ് തോമസിന് പുതിയ സാരഥി**

ശതാബ്ദി നിറവിലെത്തിയ തൃശൂർ സെന്റ് തോമസ് കലാലയ ത്തിന്റെ പുതിയ പ്രിൻസിപ്പാളായി 01.05.2019 –ന് ഡോ. കെ. എൽ. ജോയി ചുമതലയേറ്റു. അയ്യന്തോൾ സ്വദേശിയായ ഡോ. കെ.എൽ. ജോയി, നിലവിൽ കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ അസോസിയേറ്റ് പ്രൊഫ സറും കോളേജിന്റെ വൈസ് പ്രിൻസിപ്പാളുമായി സേവനം ചെയ്തു വരികയായിരുന്നു. ഓട്ടോണമസായ ഈ കലാലയത്തിന്റെ കൺട്രോൾ ഓഫ് എക്സാമിനേഷൻസ് ആയി അദ്ദേഹത്തിന് 3 വർഷത്തെ പ്രവൃത്തി പരിചയമുണ്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റി റിസർച്ച് സൂപ്പ ർവൈസർ കൂടിയാണ് പുതുതായ് ചുമതലയേറ്റ ഡോ. കെ. എൽ. ജോയി.

**2. യാത്രയയപ്പും സ്വീകരണവും.**

ഒരു വർഷക്കാലത്തെ സ്തുത്യർഹ സേവനത്തിനു ശേഷം ചുമതല യൊഴിഞ്ഞ പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണിക്ക് യാത്രയ യപ്പും ചുമതലയേറ്റ പുതിയ പ്രിൻസിപ്പാൾ ഡോ. കെ. എൽ ജോയിക്ക് സ്വീകരണവും നൽകി. മാനേജർ മാർ ടോണി നീലങ്കാ വിൽ പുതിയ പ്രിൻസിപ്പാളിന് പൂച്ചെണ്ടു നൽകി സ്വീകരിച്ചു. **NIRF** റാങ്കിങ്ങിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഒന്നാം സ്ഥാനത്തേക്ക് സെന്റ് തോമസിനെ നയിച്ച ഡോ. ഇഗ്നേഷ്യസ് ആന്റണിക്ക് മാനേജർ നന്ദി പറഞ്ഞു.

**3. പൂർവ്വ വിദ്യാർത്ഥി സംഗമം**

സെന്റ് തോമസ് കോളേജിൽ പൂർവ്വവിദ്യാർത്ഥി വാർഷിക സംഗമം അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. മന്ത്രി വി.എസ് സുനിൽ കുമാർ മുഖ്യാതിഥിയായി. പൂർവ്വ വിദ്യാർത്ഥി സംഘടന പ്രസിഡന്റ് പി.എം. തോമസ് അദ്ധ്യക്ഷത വഹിച്ചു. എക്സി. മാനേജർ. ഫാ. വർഗീസ് കുത്തൂർ, പ്രിൻസിപ്പൽ ഡോ. ഇഗ്നേഷ്യസ് ആന്റണി എന്നിവർ സംസാരിച്ചു. മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ, ഡി.കെ. മണവാളൻ, ടി. എൻ. ജയചന്ദ്രൻ, ഡോ. സെബാസ്റ്റ്യൻ പീറ്റർ, രഞ്ജിത്ത് ശങ്കർ, പി. ബി. ജയകുമാർ എന്നീ പൂർവ്വ വിദ്യാർത്ഥികളെ ആദരിച്ചു. ചിത്രകാരൻ ഫ്രാൻസിസ് കോടങ്കണ്ടത്ത്, വിദ്യാർത്ഥികൾ അവതരിപ്പിച്ച പാശ്ചാത്യ സംഗീതം തൽസമയം കാൻവാസിൽ പകർത്തി. കോളേജിൽ നിന്നും വിരമിക്കുന്ന പ്രിൻസിപ്പൽ ഡോ. ഇഗ്നേഷ്യസ് ആന്റണിക്ക് യാത്രയയപ്പ് നൽകി.

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ &
എക്സിക്യൂട്ടീവ് മാനേജർ




## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

1. **അന്താരാഷ്ട്ര സമ്മേളനം:** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ മെക്കാനിക്കൽ എൻജിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സുസ്ഥിര വികസനത്തിലെ വെല്ലുവിളികൾ എന്ന വിഷയത്തിൽ മെയ് 10, 11 തിയ്യതികളിൽ അന്താരാഷ്ട്ര സമ്മേളനം നടത്തി. മലേഷ്യയിലെ കെബാഗ് സാൻ യൂണിവേഴ്സിററി ഡയറക്ടർ ഡോ. കമാറുസമ്മാൻ സോപിയാൻ ഉദ്ഘാടനം ചെയ്തു. സോളാർ എനർജി ഉദ്ഘാടനവും, ഉപഭോഗവും എന്ന വിഷയത്തിൽ ചർച്ചയും, ക്ലാസ്സുകളും നടന്നു. മാനേജർ മോൺ. തോമസ് കാക്കശ്ശേരി, അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, പ്രിൻസിപ്പൾ ഫാ. ഡോ.

ജെയ്സൺ പോൾ മുളേരിക്കൽ, തുടങ്ങിയവർ സംസാരിച്ചു. ഇന്ത്യക്ക് അകത്തും പുറത്തും നിന്നുമായി 200 ഓളം റിസർച്ച് പേപ്പറുകൾ അവതരിപ്പിച്ചു.

2. **ധ്യാനം:** മെയ് ഒന്നാം തിയ്യതി ജ്യോതി എൻജിനീയറിംഗ് കോളേജിലെ കത്തോലിക്കരായ വിദ്യാർത്ഥികൾക്കു വേണ്ടി ഒരു ദിവസത്തെ ധ്യാനം നടത്തി. ഫാ. പോൾ കള്ളിക്കാടൻ ധ്യാനത്തിന് നേതൃത്വം നല്കി.

3. **വർക്ക്ഷോപ്പ്:**
ജ്യോതി എൻജിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾക്കായി മെയ് 4 ന് കേരള മൈക്രോസോഫ്റ്റ് യൂസർ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ബിൽഡ് യുവർ ഫാസ്റ്റ് ചാററ് ബോട്ട് എന്ന വിഷയത്തിൽ അലോക്ക് രാജ സുകുമാരൻ ക്ലാസ്സെടുത്തു.

4. **പിസിബി ഡിസൈൻ വർക്ക് ഷോപ്പ്:**
ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ പിസിബി ഡിസൈനിൽ വർക്കഷോപ്പ് നടത്തി.

5. **NRI അഡ്മിഷൻ ആരംഭിച്ചു**
ജ്യോതി എൻജിനീയറിംഗ് കോളേജിലേക്കുള്ള ഈ വർഷത്തെ NRI ക്വാട്ടയിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. പ്രവേശനം ആഗ്രഹിക്കുന്നവർ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.
www.jecc.ac.in , Helpline No. +91 95269 64455

6. **പുതിയ അഡ്മിഷൻ – രജിസ്ട്രേഷൻ തുടങ്ങി**
ഈ വർഷത്തെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ രജിസ്ട്രേഷൻ ആരംഭിച്ചു. സിവിൽ, മെക്കാനിക്കൽ, മെക്കട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എന്നിവയിൽ ബി.ടെക്കിനും, പവർ ഇലക്ട്രോണിക്സ്, ട്രാൻസ്പോർട്ടേഷൻ എൻജിനീയിംഗ്, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ തുടങ്ങിയവയിൽ എം. ടെക്കിനും മുൻകൂട്ടി രജിസ്ട്രേഷൻ നടത്താം. കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്നതിൽ ബന്ധപ്പെടുക.
www.jecc.ac.in, Phone Nos. +91 95269 24455, 95269 64455

**ഫാ. റോയ് ജോസഫ് വടക്കൻ**
സെക്രട്ടറി & അസി. മാനേജർ

**മോൺ തോമസ് കാക്കശ്ശേരി**
മാനേജർ



# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

1. **അഡ്മിഷൻ ആരംഭിച്ചു**
   2019–2021 അധ്യായന വർഷത്തെ M.Ed., B.Ed. കോഴ്സുകളിലേയക്കുള്ള അഡ്മിഷൻ ആരംഭിച്ചു. വിളിക്കേണ്ട നമ്പർ : 9495273999.
2. **ശില്പശാലകളിൽ പങ്കെടുത്തു**
   അവധിക്കാലത്തിൽ അധ്യാപകർക്കായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും സംഘടിപ്പിച്ച ശില്പശാലകളിൽ മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ അധ്യാപകർ പങ്കെടുത്തു.
3. **K.TET പരീക്ഷയിൽ ഉന്നതവിജയം**
   അധ്യാപകരാകാനുള്ള K.TET പരീക്ഷയിൽ മഹാജൂബിലി ബി. എഡ് ട്രെയിനിംഗ് കോളേജിലെ 25 കുട്ടികൾ വിജയികളായി.

**ഫാ. ബാബു അപ്പാടൻ**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# സാന്ത്വനം

1. **അതിജീവൻ – കാരിത്താസ് ടീം സന്ദർശിച്ചു.**
   കാരിത്താസ് ഇന്ത്യയുമായി ചേർന്ന് സാന്ത്വനം നടപ്പിലാക്കിയ അതിജീവൻ പദ്ധതി നിർവ്വഹണം കാണുന്നതിനും വിലയിരുത്തു ന്നതിനുമായി കാരിത്താസ് ഇന്ത്യയുടെ സൗത്ത് സോൺ കോ-ഓർഡിനേറ്റർ ആയ മിസ്. ലെറീന ഫെർണാണ്ടസും ടീമംഗങ്ങളും

പദ്ധതിപ്രദേശം സന്ദർശിച്ചു. കാരിത്താസ് ടീമിന്റെ അതിജീവൻ പദ്ധതിയനുസരിച്ച് ആടുകളെ വിതരണം ചെയ്ത വീടുകളും അറ്റകുറ്റപ്പണികൾ നടത്തിയ വീടുകളും സന്ദർശിക്കുകയും കണക്കുകൾ പരിശോധിച്ച് സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

2. **ജൈവരീതിയിൽ ദുർഗന്ധമില്ലാത്ത കോഴി വളർത്തൽ പരിശീലനം**

തൃശ്ശൂർ റീജിയണിന്റെ കീഴിൽ വരുന്ന, തൃശ്ശൂർ സോഷ്യൽ ആക്ഷൻ, ഇരിഞ്ഞാലക്കുട, കോട്ടപ്പുറം, സുൽത്താൻപേട്ട്, സമൃദ്ധി, പാലക്കാട് എന്നീ എൻ.ജി.ഒ കളിലെ തിരഞ്ഞെടുത്ത വിധവകൾക്കായി "ദുർഗന്ധമില്ലാത്ത കോഴിവളർത്തൽ" പരിശീലന ക്ലാസ് കേരള സോഷ്യൽ സർവീസ് ഫോറം, തൃശ്ശൂർ സാന്ത്വനത്തിൽ സംഘടിപ്പിച്ചു. കെ.എസ്.എസ്.ഫോറം പ്രോഗ്രാം ഓഫീസർ സിസ്റ്റർ ജെസീനയുടെ ആമുഖപ്രഭാഷണത്തിനും, സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടിയുടെ സ്വാഗതത്തിനും ശേഷം ആരംഭിച്ച പരിശീലന ക്ലാസുകൾക്ക് പാലക്കാട് പീപ്പിൾ സർവീസ് സൊസൈറ്റിയിലെ പരിശീലകൻ ശ്രീ.ഷിജു തോമസ് നേതൃത്വം നൽകി. തിരഞ്ഞെടുത്ത വിധവകൾക്ക് 20,000 രൂപയ്ക്കുള്ള ധനസഹായം ഘട്ടം ഘട്ടമായി നൽകി വരുന്നു.

3. **ശിലാസ്ഥാപനം നടത്തി**

തൃശ്ശൂർ അതിരൂപത സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന "സേവ് തൃശ്ശൂർ" പദ്ധതിയുടെ ഭാഗമായി പുതിയ രണ്ട് ഭവനങ്ങൾ കൂടി നിർമ്മിക്കുന്നതിനായി മോൺ. തോമസ് കാക്കശ്ശേരി ശിലാസ്ഥാപനം നടത്തി. അരിമ്പൂർ ഇടവകവികാരി റവ. ഫാ.പോളി നീലങ്കാവിൽ, ഫാ. ജോമോൻ ഇമ്മട്ടി, സാന്ത്വനം ഡയറക്ടർ, വിമലമാതാ കോൺവെന്റിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷന്റെ കീഴിലുള്ള വിമലമാതാ കോൺവെന്റാണ് വീടുകൾ നിർമ്മിക്കാനാവശ്യമായ സ്ഥലം ദാനമായി നല്കിയത്.

4. **ജനറൽ ബോഡി യോഗവും തെരഞ്ഞെടുപ്പും**

പെരിഞ്ചേരി യൂണിറ്റിന്റെ കീഴിൽ വരുന്ന എസ്.എച്ച്.ജി ബാറ്റിന്റെ ജനറൽ ബോഡി യോഗം, പാരിഷ് ഹാളിൽ വികാരി ഫാ. ആന്റണി ആലുക്കയുടെ അദ്ധ്യക്ഷതയിൽ നടന്നു. സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ഉദ്ഘാടനം ചെയ്ത യോഗത്തിൽ അസി. ഡയറക്ടർ ഫാ. സിന്റോ തൊറയൻ, കോ–ഓർഡിനേറ്റർ,

സോണൽ കോ–ഓർഡിനേറ്റർ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. യോഗത്തിൽ അടുത്ത 3 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുകയും കഴിഞ്ഞ വർഷങ്ങളിലെ സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. വളരെയധികം പേർക്ക് സ്വയം തൊഴിൽ ആരംഭിക്കാൻ സാധിച്ചത് പെരിഞ്ചേരിയിലെ ബാറ്റിന്റെ അഭിനന്ദനാർഹമായ നേട്ടമാണെന്ന് യോഗം വിലയിരുത്തുകയും മുൻഭാരവാഹികൾക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

5. **സ്നേഹനിധി കരുതൽ ക്ഷേമ പദ്ധതി**

സ്നേഹനിധി കരുതൽ ഇതുവരെ 307 അംഗങ്ങൾക്കായി 16,40,890 രൂപ കരുതൽ സഹായധനമായി നൽകി. 196 വിവാഹ സഹായം, 88 ചികിൽസാ സഹായം, 22 മരണാനന്തര സഹായവും നൽകി.

6. **സ്നേഹനിധി വാർഷികപൊതുയോഗങ്ങൾ നടന്നു**

കൊട്ടേക്കാട് സ്നേഹനിധി യൂണിറ്റിന്റെ വാർഷികപൊതുയോഗം അസി.വികാരി ഫാ.റോബിൻ ചെമ്പന്നൂക്കാരൻ ഉദ്ഘാടനം ചെയ്തു. യോഗത്തിന് വികാരി ഫാ. ജോജു ആളൂർ, സാന്ത്വനം കോ–ഓർഡിനേറ്റർ എന്നിവർ ആശംസകളർപ്പിച്ചു. യോഗത്തിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു.

7. **ഹാപ്പി ഹോംസ് –മോണിറ്ററിംഗ് ടീം സന്ദർശിച്ചു**

കാരിത്താസ് ഇറ്റാലിയാനയുടെയും ഇറ്റാലിയൻ ബിഷപ്പ് കോൺഫ്രൻസിന്റെയും സഹകരണത്തോടെ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 13 ഭവനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനുവേണ്ടി മോണിറ്ററിംഗ് ടീം എത്തിച്ചേർന്നു. സപ്പോർട്ടിംഗ് ഏജൻസികൾക്ക് വേണ്ടി കേരള സോഷ്യൽ സർവ്വീസ് ഫോറത്തിൽ നിന്നും റവ.സി. ജെസീനയുടെ നേതൃത്വത്തിലുള്ള ടീം 13 ഭവനങ്ങളും സന്ദർശിക്കുകയും പുരോഗതിയിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. സാന്ത്വനം ഡയറക്ടർ, ഹാപ്പി ഹോംസ് പദ്ധതിയുടെ കോർഡിനേറ്റർ, ആനിമേറ്റേഴ്സ് എന്നിവർ മോണിറ്ററിംഗ് ടീമിനെ അനുഗമിക്കുകയും വീടുകൾ കാണിച്ചു കാര്യങ്ങൾ വിശദീകരിച്ച് കൊടുക്കുകയും ചെയ്തു.

8. **ഉപകാരികൾക്കുള്ള കത്തുകൾ അയച്ചു**

ഗോഡ്സ് ഓൺ ഫാമിലി ഗുണഭോക്തൃ കുടുംബങ്ങൾ തങ്ങളുടെ ഉപകാരികൾക്ക് ഈസ്റ്റർ കത്തുകൾ അയക്കുകയുണ്ടായി. ഗുണഭോക്തൃകുടുംബങ്ങളിലെ വിശേഷങ്ങൾ, അവരുടെ കുടുംബത്തിനുണ്ടായ പുരോഗതികൾ, അവർ ആരംഭിച്ച വരുമാനവർദ്ധ

കസംരംഭങ്ങൾ എന്നിവയെക്കുറിച്ച് വിശദമായി കത്തിൽ എഴുതുകയും പ്രാർത്ഥനകളും നന്ദിയും അറിയിക്കുകയും ചെയ്തു. 250 കത്തുകളാണ് ഇത്തവണ അയച്ചത്.

9. **മൈക്രോ ക്രെഡിറ്റ് സംഘങ്ങളുടെ യോഗങ്ങൾ ചേർന്നു**

സ്വിഫ്റ്റ് മൈക്രോ ക്രെഡിറ്റ്സിന്റെ ഭാഗമായി ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനായി ചേലക്കര മേഖലയിൽ വായ്പ സ്വീകരിച്ച സംഘങ്ങളുടെ യോഗങ്ങൾ നടത്തുകയുണ്ടായി. യോഗത്തിൽ, ഫണ്ട് വിനിയോഗം, സംരംഭങ്ങളുടെ പുരോഗതി, ഫണ്ട് തിരിച്ചടവ് എന്നിവയെക്കുറിച്ച് വിലയിരുത്തുകയും ചർച്ച ചെയ്യുകയും ചെയ്തു. കോർഡിനേറ്റർ നെൽസൺ സി.ടി. യോഗങ്ങൾക്ക് നേതൃത്വം നല്കി.

10. **അടിസ്ഥാനവിവരശേഖരണം നടത്തി**

സേവ് എ ഫാമിലി പ്ലാനിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് ജാതിമതഭേദമെന്യേ പുതിയ കുടുംബങ്ങളെ തെരഞ്ഞടുക്കുന്നതിന്റെ ഭാഗമായി പാലയൂർ മേഖലയിലെ വിവിധ സ്ഥലങ്ങളിലുള്ള 27 വീടുകൾ സാന്ത്വനം ടീം സന്ദർശിക്കുകയും അടിസ്ഥാന വിവര ശേഖരണം നടത്തുകയും ചെയ്തു. അടിസ്ഥാന വിവര ശേഖരണത്തിന് കോഡിനേറ്റർ അഖിൽ തോമസ്, ആനിമേറ്റർ ഷീല വിൻസന്റ്, MSW ട്രെയ്നീസ് എന്നിവർ നേതൃത്വം നല്കി. അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്തി 6 വർഷത്തേക്ക് എല്ലാ മാസവും സഹായങ്ങൾ നല്കി അവരെ സ്വയം പര്യാപ്തതയിലേക്ക് കൈപിടിച്ചുയർത്തുന്ന പദ്ധതിയാണ് സേവ് എ ഫാമിലി പ്ലാനിന്റെ ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം.

**ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം/ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.**


പുച്ചിന്നിപ്പാടം – Rs.5,000/–, ആറംപിള്ളി – Rs.25,000/–, ചുവന്ന മണ്ണ് – Rs.15,000/–, പോന്നൂർ – Rs.9,000/–, എറവ് –Rs.7,000/–, വലക്കാവ്– Rs.7,000/–, വെളപ്പായ–Rs.35,000/–, മുണ്ടൂർ–Rs.25,000/–, കൂനംമൂച്ചി–Rs.26,879/–, നടത്തറ–Rs.28,904/–, ആമ്പക്കാട്–Rs.56,454/–, പുറനാട്ടുകര –Rs.69,724/–, അയ്യന്തോൾ–Rs.8,643/–, കുറ്റൂർ–Rs.10,000/–.

### 11. മോണിറ്ററിംഗ് വിസിറ്റ് നടത്തി

സ്നേഹനിധി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി, ചിറക്കെക്കോട് പള്ളിയിലെ സ്നേഹനിധി യൂണിറ്റിൽ മോണിറ്ററിംഗ് വിസിറ്റ് നടത്തി. സാന്ത്വനം അസി.ഡയറക്ടർ റവ. ഫാ. സിന്റോ തൊറയൻ, കോഡിനേറ്റർ ശ്രീമതി. ബീന വർഗ്ഗീസ്, ശ്രീ. നെൽസൺ സി. ടി. എന്നിവരടങ്ങുന്ന ടീമാണ് വിസിറ്റിങ്ങിന് നേതൃത്വം നല്കിയത്. സ്നേഹനിധി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ, കണക്കുകൾ, റിപ്പോർട്ട് പുസ്തകങ്ങൾ എന്നിവ ടീം പരിശോധിക്കുകയും വിലയിരുത്തുകയും ഭാവിയിലേക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ചിറക്കെക്കോട് വികാരി. റവ ഫാ. ഷിജു ചിറ്റിലപ്പിള്ളി, സ്നേഹനിധി യൂണിറ്റ് ഭാരവാഹികൾ എന്നിവർ വിസിറ്റ് കോഡിനേറ്റ് ചെയ്യുന്നതിന് നേതൃത്വം വഹിച്ചു.

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ



# ബൈബിൾ പ്രേഷിതത്വം

### 1. ലോഗോസ് – വെരിത്താസ് ക്വിസ് മത്സരങ്ങൾ

**പ്രായവിഭാഗം:**

ബൈബിൾ ക്വിസ് മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി എ, ബി, സി, ഡി, ഇ, എഫ് എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

| | |
|---|---|
| A വിഭാഗം | : 1–1–2008 നു ശേഷം ജനിച്ചവർ |
| B വിഭാഗം | : 1–1–2003 നും 31–12–2007 നും ഇടയിൽ ജനിച്ചവർ |
| C വിഭാഗം | :1–1–1988 നും 31–12–2002 നും ഇടയിൽ ജനിച്ചവർ |
| D വിഭാഗം | :1–1–1968 നും 31–12–1987 നും ഇടയിൽ ജനിച്ചവർ |
| E വിഭാഗം | :1–1–1955 നും 31–12–1967 നും ഇടയിൽ ജനിച്ചവർ |
| F വിഭാഗം | :31–12–1954ന് മുമ്പ് ജനിച്ചവർ |

**വിഷയം:**

(1) നിയമാവർത്തനം 12–21 അദ്ധ്യായങ്ങൾ

(2) പ്രഭാഷകൻ 11–17 അദ്ധ്യായങ്ങൾ

(3) വി.മത്തായിയുടെ സുവിശേഷം 19–28 അദ്ധ്യായങ്ങൾ

(4) വെളിപാടിന്റെ പുസ്തകം 17–22 അദ്ധ്യായങ്ങൾ

**രജിസ്ട്രേഷൻ:**

**രജിസ്ട്രേഷൻ 2019 ജൂൺ 1 ശനിയാഴ്ച ആരംഭിച്ച് ജൂലൈ 31 ബുധനാഴ്ച അവസാനിക്കുന്നു.** ലോഗോസ് ക്വിസിന് മാത്രമേ രജിസ്റ്റർ ചെയേണ്ടതുള്ളൂ. ഇടവകയിലെ/സെന്ററിലെ ആനിമേറ്റേഴ്സ് മുഖേന രജിസ്റ്റർ ചെയ്ത് പണം ഓഫീസിൽ അടക്കേണ്ടതാണ്. രജിസ്ട്രേഷൻ എളുപ്പമാക്കുവാൻ **www.veritasquiz.org** യിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. ജൂലൈ 31ന് മുമ്പ് രജിസ്റ്റർ ചെയ്ത് പണം ഓഫീസിൽ അടച്ചാൽ സൗജന്യമായി, മാതൃകാ ചോദ്യങ്ങൾ അടങ്ങിയ കൈപുസ്തകം നൽകുന്നതായിരിക്കും.

**പരീക്ഷാഫീസ്:**

ഒരു പരീക്ഷാർത്ഥിക്ക് രജിസ്ട്രേഷൻ ഫീസ് 10 രൂപ. സെന്ററിന്റെ രജിസ്ട്രേഷന്റെ മൊത്തം സംഖ്യ രജിസ്ട്രേഷൻ സമയത്തുതന്നെ ഓഫീസിൽ അടച്ചു രശീതി വാങ്ങേണ്ടതാണ്. ഒരു സെന്ററിൽനിന്ന് പലപ്പോഴായി രജിസ്റ്റർ ചെയ്യാതെ ഒരുമിച്ച് ഒറ്റത്തവണ രജിസ്ട്രേഷൻ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ..

2. **ലോഗോസ് ക്വിസ്**

**രൂപതതലം: 2019 സെപ്റ്റംബർ 29, ഞായർ** 2.00-3.30 pm

ഒരു ഇടവകയിൽനിന്ന് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാവരും അതതു സെന്ററുകളിൽ വച്ചുതന്നെ പരീക്ഷയെഴുതുന്നു. ഫലപ്രഖ്യാപനം 2019 ഒക്ടോബർ 15ന്.

1. ഇടവകയിലെ A ഗ്രൂപ്പിൽ 60നും, B-F ഗ്രൂപ്പുകളിൽ 70നും, മുകളിൽ മാർക്ക് നേടുന്നവർക്ക് കെ.സി.ബി.സി. നൽകുന്ന സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും...
2. മത്സരത്തിൽ ഓരോ ഗ്രൂപ്പിലും അതിരൂപതതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്നവരെയാണ് റാങ്കിന് പരിഗണിക്കുക. ഓരോ ഗ്രൂപ്പിലും ആദ്യത്തെ 3 റാങ്കുകൾ കഴിഞ്ഞ് 7 പേർക്ക് 4–ാം റാങ്കും, 15 പേർക്ക് 5–ാം റാങ്കും ആയിരിക്കും ലഭിക്കുന്നത്.
3. അതിരൂപതതലത്തിൽ ആദ്യത്തെ 4 റാങ്ക് ജേതാക്കൾക്ക് ക്യാഷ് അവാർഡും കെ.സി.ബി.സി. നൽകുന്ന സർട്ടിഫിക്കറ്റും സമ്മാനങ്ങളും..

4. മത്സരത്തിൽ ഓരോ ഗ്രൂപ്പിലെയും അതിരൂപതതല ആദ്യത്തെ 3 റാങ്ക് ജേതാക്കളായിരിക്കും സംസ്ഥാനതല മത്സരത്തിന് യോഗ്യത നേടുക.

**3. വെരിത്താസ് ക്വിസ്**

**അതിരൂപതതല ഫൈനൽ: 2019 നവംബർ 3,** 2.00-3.30pm

ഇടവകതല ലോഗോസ് ക്വിസ് മത്സരത്തിൽ A ഗ്രൂപ്പിൽ 60നും, B-F ഗ്രൂപ്പുകളിൽ 70നും, കൂടുതൽ മാർക്ക് നേടിയവർ മാത്രമാണ് അതിരൂപതതല ഫൈനൽ മത്സരത്തിൽ പങ്കെടുക്കുന്നത്. തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വച്ചായിരിക്കും മത്സര പരീക്ഷ നടക്കുക.

1. ഫൈനൽ മത്സരത്തിൽ നിന്നായിരിക്കും അതിരൂപത റാങ്ക് ജേതാക്കളെ തിരഞ്ഞെടുക്കുന്നത്. ആദ്യത്തെ 3 റാങ്കുകാർ കഴിഞ്ഞ് വരുന്ന 7 പേരായിരിക്കും 4–ാം സ്ഥാനത്തിന് അർഹരാകുക. ബാക്കിയുള്ളയവരിൽ A ഗ്രൂപ്പിൽ 40നും, B-F ഗ്രൂപ്പുകളിൽ 75നും കൂടുതൽ മാർക്കു നേടുന്നവരായിരിക്കും അതിരൂപതതല 5–ാം റാങ്കുകാർ. അതിരൂപതതല മത്സരത്തിൽ 40 മാർക്ക് വാങ്ങുന്ന എല്ലാവർക്കും പ്രോത്സാഹനസമ്മാനങ്ങൾ.

**വെരിത്താസ് ഗ്രാന്റ് ഫിനാലെ: 2019 നവംബർ 17, ഞായർ**

വെരിത്താസ് ക്വിസ് അതിരൂപതതല ഫൈനൽ മത്സരത്തിലെ B-F ഗ്രൂപ്പുകളിലെ ഒന്നാം റാങ്കുകാർക്കായി വിവിധ റൗണ്ടുകളിലായി മത്സരം നടക്കുന്നു. വിജയിക്കുന്നയാളായിരിക്കും വെരിത്താസ് പ്രതിഭ. ഗ്രാന്റ് ഫിനാലെയിലെ വിജയിക്ക് വിശുദ്ധനാട് തീർത്ഥാടനം

**ജൂനിയർ വെരിത്താസ് പ്രതിഭ:**

വെരിത്താസ് ക്വിസ് അതിരൂപതതല ഫൈനൽ മത്സരത്തിലെ A ഗ്രൂപ്പിൽ കൂടുതൽ മാർക്ക് വാങ്ങുന്നവർക്ക് വിവിധ റൗണ്ടുകളിലായി മത്സരം നടക്കുന്നു. വിജയിക്കുന്നയാളായിരിക്കും വെരിത്താസ് ജൂനിയർ പ്രതിഭ. വിജയിക്ക് 10,000 രൂപ ക്യാഷ് അവാർഡ്.

**4. ഇതര വെരിത്താസ് ക്വിസ് മത്സരങ്ങൾ**

1. ഇതര വെരിത്താസ് ക്വിസ് മത്സരങ്ങൾക്ക് പങ്കെടുക്കുന്നവർ ലോഗോസ് ക്വിസിന് രജിസ്റ്റർ ചെയ്തവരായിരിക്കണം.
2. ഇതര വെരിത്താസ് മത്സരങ്ങൾക്ക് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.
3. എല്ലാ ഇതര വെരിത്താസ് ക്വിസ് മത്സരങ്ങളും തൃശ്ശൂർ സെന്റ് തോമസ് കോളേജ് ഹയർസെക്കന്ററി ഹാളിൽവച്ച് അതതുദിവസം ഉച്ചയ്ക്ക് 2.00 മുതൽ 4.00 വരെയായിരിക്കും നടത്തപ്പെടുക.
4. ഓരോ മത്സരത്തിലെയും ആദ്യത്തെ 3 റാങ്കുകാർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും മറ്റ് ആകർഷകമായ സമ്മാനങ്ങളും ലഭിക്കുന്നതാണ്.
5. ഓരോ മത്സരത്തിലും 40% മാർക്കിന് മുകളിൽ ലഭിക്കുന്നവർക്ക്

സർട്ടിഫിക്കറ്റുകളും മറ്റ് ആകർഷകമായ സമ്മാനങ്ങളും ലഭിക്കുന്നതാണ്.

**ഫാമിലി വെരിത്താസ് ക്വിസ്: 2019 ആഗസ്റ്റ് 04, ഞായർ**

അതിരൂപതയിലെ കുടുംബരജിസ്റ്ററിലുള്ള കുടുംബങ്ങൾക്കു പങ്കെടുക്കാവുന്നതാണ്. രണ്ട് തലമുറയിൽപ്പെട്ട മൂന്ന് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. (അംഗങ്ങളുടെ എണ്ണം കൂടുന്നതിന് കുഴപ്പമില്ല). ഒരു ഇടവകയിൽ നിന്ന് പങ്കെടുക്കാവുന്ന കുടുംബങ്ങളുടെ എണ്ണത്തിന് പരിധിയില്ല.

**ടീച്ചേഴ്സ് വെരിത്താസ് ക്വിസ്: 2019 ആഗസ്റ്റ് 11, ഞായർ**

അതിരൂപതയിലെ മതബോധന അദ്ധ്യാപകരാണ് പങ്കെടുക്കേണ്ടത്. ഓരോ ഇടവകയിൽനിന്ന് 3 ടീമുകൾക്കു മാത്രമേ പങ്കെടുക്കാനാവൂ. ഓരോ ടീമിലും 3 അംഗങ്ങൾ ഉണ്ടായിരിക്കണം.

**യൂത്ത് വെരിത്താസ് ക്വിസ്: 2019 ആഗസ്റ്റ് 18, ഞായർ**

ഓരോ ഇടവകയിലെയും യുവജനങ്ങൾക്കു പങ്കെടുക്കാവുന്ന ഈ മത്സരത്തിൽ ഒരു ഇടവകയിൽനിന്ന് 3 ടീമുകൾക്കു മാത്രമേ പങ്കെടുക്കാനാവൂ. ഓരോ ടീമിലും 3 അംഗങ്ങൾ ഉണ്ടായിരിക്കണം. പങ്കെടുക്കുന്ന മത്സരാർത്ഥികൾ 18നും 30നും ഇടയ്ക്ക് പ്രായമുള്ള യുവജനങ്ങളായിരിക്കണം.

**സമർപ്പിത വെരിത്താസ് ക്വിസ്: 2019 ആഗസ്റ്റ് 25, ഞായർ**

അതിരൂപതയിലെ വൈദീകർ, സമർപ്പിതർ, വൈദീക-സന്യാസ വിദ്യാർത്ഥികൾ എന്നിവർക്കു പങ്കെടുക്കാം. പരീക്ഷയ്ക്ക് 3 പേരടങ്ങുന്ന ടീമുകളായിരിക്കണം.

**കാറ്റിക്കിസം വെരിത്താസ് ക്വിസ്: 2019 സെപ്റ്റംബർ 15,**

അതിരൂപതയിലെ മതബോധന വിദ്യാർത്ഥികളാണ് പങ്കെടുക്കേണ്ടത്. ഓരോ ഇടവകയിൽനിന്ന് 3 ടീമുകൾക്കു മാത്രമേ പങ്കെടുക്കാനാവൂ. ഓരോ ടീമിലും 3 അംഗങ്ങൾ ഉണ്ടായിരിക്കണം.

**വചനമെഴുത്ത് മത്സരം: 2019 സെപ്റ്റംബർ 22, ഞായർ**

ഓരോ ഇടവക/സെന്ററിൽനിന്ന് ആർക്കുവേണമെങ്കിലും വചനമെഴുത്ത് മത്സരത്തിൽ പങ്കെടുക്കാം. ലോഗോസ് ക്വിസിന്റെ പ്രായവിഭാഗത്തിനനുസരിച്ചായിരിക്കും മത്സരം. ലോഗോസ് ക്വിസിന്റെ പഠനഭാഗത്തുനിന്നുള്ള വചനങ്ങളാണ് മത്സരത്തിനായി പഠിക്കേണ്ടത്. പരീക്ഷാഹാളിൽ നൽകുന്ന ചോദ്യപേപ്പറിനനുസരിച്ചാണ് വചനങ്ങൾ എഴുതേണ്ടത്.

A-F ഗ്രൂപ്പുകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന വ്യക്തിയായിരിക്കും അതിരൂപത വചന പ്രതിഭ.

5. **തീർത്ഥാടനങ്ങൾ**

യൂറോപ്പ് തീർത്ഥാടനം 2019 ഒക്ടോബർ 1നും, വിശുദ്ധനാട് തീർത്ഥാടനം 2019 ആഗസ്റ്റ് 14, സെപ്റ്റംബർ 6, ഒക്ടോബർ 2, നവംബർ 4 എന്നീ തിയ്യതികളിൽ പുറപ്പെടുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ. ഇടവകകളിൽ നിന്നോ, മറ്റു സംഘടനകളുടെ നേതൃത്വത്തിലോ ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ....

ഫോൺ: 0487–2320780, 7558937090, 8921266465

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
ഡയറക്ടർ

FAMILY APOSTOLATE CENTRE THRISSUR



# ഫാമിലി അപ്പോസ്റ്റലേറ്റ്

## ഏകസ്ഥരുടെ കൂട്ടായ്മ

**ജൂൺ 15 ശനി (9.30 AM – 1.00 PM)**

തൃശ്ശൂർ അതിരൂപതയിൽ ഏകസ്ഥരായി കഴിയുന്നവർക്കായുള്ള കൂട്ടായ്മ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ജൂൺ 15–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1.00 മണി ഉണ്ടായിരിക്കുന്നതാണ്. ഈ കൂട്ടായ്മയിലേക്ക് ഏക്സഥരായി കഴിയുന്ന ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബകൂട്ടായ്മ

## കുടുംബകൂട്ടായ്മ ഇലക്ഷൻ

കുടുംബകൂട്ടായ്മ യൂണിറ്റുകളിലേക്ക് ജൂൺ, ജൂലൈ മാസങ്ങളിലും ഇടവക കേന്ദ്രസമിതിയിലേക്കുള്ള ഇലക്ഷനുകൾ ആഗസ്റ്റ് മാസത്തിലുമായി പൂർത്തിയാക്കേണ്ടതാണ്. അച്ചന്റെ ഇടവകയിൽ സൗകര്യപ്രദമായ ഒരു തിയ്യതി കണ്ടെത്തി സമയബന്ധിതമായി ഇലക്ഷൻ പൂർത്തിയാക്കുമല്ലോ. യൂണിറ്റ് – ഇടവകതല ഇലക്ഷനുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങളാണ് താഴെ കൊടുത്തരിക്കുന്നത്.

1. ഓരോ കുടുംബകൂട്ടായ്മകളിലും താഴെ പറയുന്ന സ്ഥാനങ്ങളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കേണ്ടത്. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് (1 പുരുഷൻ), വൈസ് പ്രസിഡണ്ട് ( 1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറി (1 പുരുഷന്), ജോ. സെക്രട്ടറി (1 സ്ത്രീ), ട്രഷറർ.

2. കുടുംബകൂട്ടായ്മ പ്രവർത്തക സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട 7 ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 21–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്.

3. ഇടവക കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് 2019 ആഗസ്റ്റ് മാസത്തിൽ നടത്തപ്പെടേണ്ടതാണ്. ഇടവക കേന്ദ്രസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന 7 ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 21–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്. ചെയർമാൻ (വികാരി) കുടുംബകൂട്ടായ്മ ഇടവക ജനറൽ ബോഡിയിൽ നിന്ന് 2 പേരെ പ്രവർത്തകസമിതി അംഗങ്ങളായി നോമിനേറ്റ് ചെയ്യേണ്ടതാണ്.

4. ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഇലക്ഷൻ കഴിഞ്ഞാൽ എല്ലാ കുടുംബകൂട്ടായ്മകളിലേയും ഭാരവാഹികളുടെ പൂർണ്ണമായ മേൽവിലാസം ഫോൺ നമ്പർ സഹിതം രേഖപ്പെടുത്തി അതിരൂപത ഓഫീസിൽ ആഗസ്റ്റ് 31 ന് മുൻപായി എത്തിക്കേണ്ടതാണ്.

5. 2019 സെപ്റ്റംബർ/ ഒക്ടോബർ മാസങ്ങളിലാണ് ഫൊറോന കേന്ദ്രസമിതി തിരഞ്ഞെടുപ്പ് നടക്കുന്നത്.

6. 2019 ഡിസംബർ മാസത്തിൽ അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് നടക്കുന്നതാണ്.

# ചർച്ചാപഠനപരിശീലന ക്യാമ്പ്

**ജൂൺ 29 ശനി, 2.30 pm**

മെയ് മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ജൂലായ് മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാപഠനക്ലാസ്സ് ജൂൺ 29–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

| **എ.എ. ആന്റണി** | **പോൾ പാറക്കൽ** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|---|
| ജനറൽ കൺവീനർ | ജനറൽ സെക്രട്ടറി | ഡയറക്ടർ |



# മാതൃവേദി

## സെമിനാർ

**ജൂൺ 18, ചൊവ്വ**

**തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ്**

ക്യാൻസർ രോഗം സ്ത്രീകളിൽ എന്ന വിഷയത്തെ ആസ്പദമാക്കി മാതൃവേദി അംഗങ്ങൾക്കായുള്ള സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് 2019 ജൂൺ 18, ചൊവ്വാഴ്ച്ച രാവിലെ 10 മുതൽ 1 മണി വരെ ഉണ്ടായിരിക്കുന്നതാണ്. എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും

**ജൂൺ 18, ചൊവ്വ (10.00 am – 1.00 pm)**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്ക

ളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ജൂൺ മാസത്തിൽ നടത്തേണ്ടത് കൊട്ടേക്കാട്, വേലൂർ എന്നീ ഫൊറോനകളിലെ ഇടവകകളാണ്. ഈ ഫൊറോനകളിലെ എല്ലാ മാതൃവേദി യൂണിറ്റുകാരെയും സ്നേഹത്തോടെ കഷണിക്കുന്നു. കൂടാതെ മറ്റ് ഫൊറോനകളിലെ മാതൃവേദി അംഗങ്ങൾക്കും കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും കൊണ്ടുവരാവുന്നതാണ്.

| **മേരി വിൻസെന്റ്** | **ജൂലി ബാബു** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|---|
| പ്രസിഡണ്ട് | സെക്രട്ടറി | ഡയറക്ടർ |




# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

## തിരുമണിക്കൂർ ആരാധന

**ജൂൺ 3 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

| **ജെയിംസ് ആഴ്ചങ്ങാടൻ** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|
| പ്രസിഡന്റ് | ഡയറക്ടർ |




1. **Excel Med. / Eng. Entrance Repeater Batch**
   **2019-20** വർഷങ്ങളിലെ മെഡിക്കൽ/എഞ്ചിനീയറിങ്ങ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന, പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള **Med. / Eng. Entrance, Repeater Batch ജൂൺ 3ന് ആരംഭിക്കും.** അഡ്മിഷൻ ആരംഭിച്ചു.

**കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585, 8907804280, 9847276657**

2. **Excel Plus I Med. / Eng. Tution & Entrance Class**
   S.S.L.C. കഴിഞ്ഞ് പ്ലസ് **1** ൽ ചേരുന്ന വിദ്യാർത്ഥികൾക്കുള്ള Med. / Eng. Tution & Entrance Classകൾ **മെയ് 20–ാം തിയതി** ബിഷപ്പ് ഹൗസ് കാമ്പസിൽ ആരംഭിച്ചു. ജൂൺ മാസം മുതൽ മോർണിങ്ങ്, സൺഡേ & ഹോളിഡേ ബാച്ചുകളായി, രണ്ട് ബാച്ചുകളായിട്ടാണ് ക്ലാസുകൾ നടത്തുന്നത്. അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585, 8907804280, 9847276657**

3. **Excel Plus II Med. / Eng. Tution & Entrance Class**
   **2019 -20** വർഷങ്ങളിലെ മെഡിക്കൽ/എഞ്ചിനീയറിങ്ങ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ട്യൂഷൻ പ്ലസ് എൻട്രൻസ്, പ്ലസ് ടു ക്ലാസുകളിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. പ്ലസ് ടു ക്ലാസുകൾ, വെക്കേഷനിൽ എല്ലാ ആഴ്ചയിലും **തിങ്കൾ, ചൊവ്വ, ബുധൻ** ദിവസങ്ങളിൽ **9.30 മണി മുതൽ 4 മണി**വരെയും, **ജൂൺ മാസം മുതൽ, മോർണിങ്ങ്, സൺഡേ** & **ഹോളിഡേ** ബാച്ചുകളായി ബിഷപ്പ് ഹൗസ് എക്സൽ അക്കാദമി കാമ്പസിൽ ക്ലാസുകൾ ഉണ്ടായിരിക്കും.

**കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585, 8907804280, 9847276657**

4. എക്സൽ – ആദരവ് 2019

**2019 -ജൂൺ 1–ാം**തിയതി ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ **എക്സൽ – ആദരവ് 2019 – Merit day,** ബിഷപ്പ് ഹൗസ്, **DBCLC** ആഡിറ്റോറിയത്തിൽ വെച്ച് നടക്കും. **S.S.L.C. Full A+, Plus II Full A+,** വിദ്യാർത്ഥികളെ ചടങ്ങിൽ ആദരിക്കും. **Med. / Eng. (Repeater) Top winners, Parish level scholoship exam, Science Genius Exam, Best Student Teacher Competition, Top winners,** ഇവർക്കുള്ള കാഷ് അവാർഡുകളും, ട്രോഫികളും ചടങ്ങിൽ നൽകുന്നതായിരിക്കും. മന്ത്രിമാർ, സാംസ്ക്കാരിക നേതാക്കൾ എന്നിവർ ചടങ്ങിലെ വിശിഷ്ട അതിഥികളായിരിക്കും.

**കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585, 9847276657**

**5. ഓറിയന്റേഷൻ കോഴ്സ്**

**7, 8, 9, 10** ക്ലാസുകളിലെ **Med. / Eng.** ക്ലാസുകളും, **7, 8,** ക്ലാസുകളിലെ സിവിൽ സർവ്വീസ് ക്ലാസുകളും **ജൂൺ 8–ാം**തിയതി ശനിയാഴ്ച St. Thomas College Jubilee Blockൽ ആരംഭിക്കും.

**9, 10** ക്ലാസുകളിലെ സിവിൽ സർവ്വീസ് ക്ലാസുകൾ ജൂൺ 15–ാം തിയതി, ഒല്ലൂർ അവിണിശ്ശേരി Excel IAS Academyകാമ്പസിൽ ആരംഭിക്കും.

**Excel IAS Academy Merit day**

**Excel IAS Academy Merit day ജൂൺ 15ന്,** അവിണിശ്ശേരി കാമ്പസിൽ വെച്ച് നടക്കും.

**ഫാ. ഡേവീസ് തെക്കേക്കര**
ഡയറക്ടർ



# സി.എൽ.സി.

1. **ഫോർമേഷൻ ക്യാമ്പ് 2019**

   മേയ് 24,25,26 തിയ്യതികളിൽ പുല്ലഴി ക്രിസ്റ്റീന ഹോമിൽ വച്ചു ഫോർമേഷൻ ക്യാമ്പ് നടത്തുന്നു. ഇതുവരെ ഫോർമേഷൻ ക്യാമ്പിൽ പങ്കെടുക്കാത്തവർക്കാണ് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. വൈസ് പ്രസിഡന്റ് ഡോംസൺ സൈമൺ : **9539374517**

2. **തൃശ്ശൂർ അതിരൂപത ലോക പരിസ്ഥിതി ദിനാഘോഷം**

   ജൂൺ 5 നു അതിരൂപത സി എൽ സി യുടെ നേതൃത്വത്തിൽ ലോക പരിസ്ഥിതി ദിനാഘോഷം പതിവ് പോലെ നടത്തുന്നു. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും. ഫൊറോന തലത്തിൽ പരിസ്ഥിതി ദിനാഘോഷം നടത്താൻ ഫൊറോന പ്രസിഡന്റുമാർ മുൻകൈ എടുക്കേണ്ടതാണ് . ഫൊറോന തല പരിസ്ഥിതി ദിനാഘോഷം നടത്തുന്ന സ്ഥലങ്ങൾ രൂപത സി എൽ സി യെ മെയ് 31 നു മുൻപായി അറിയിക്കേണ്ടതാണ്.

3. **ജനറൽ ബോഡി യോഗം**

   ജൂൺ 19 ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 3.00 മണിക്ക് ജനറൽബോഡി യോഗം പാസ്റ്ററൽ സെന്ററിൽ വെച്ചു നടത്തുന്നു. യോഗത്തിൽ എല്ലാ യൂണിറ്റ് പ്രസിഡന്റുമാരും പങ്കെടുക്കേണ്ടതാണ്. അന്നേ ദിവസം തന്നെ യൂണിറ്റുകൾ അഫിലിയേഷൻ നടത്തേണ്ടതും ആണ്. യൂണിറ്റ് അഫിലിയേഷൻ ചാർജ് 150 രൂപ

   കൂടുതൽ വിവരങ്ങൾക്കായി പ്രസിഡന്റ് ജോമി ജോൺസണുമായി ബന്ധപെടുക.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൻ**
പ്രസിഡണ്ട്

**ജെസ്വിൻ സാജു**
സെക്രട്ടറി

# KCYM

1. **ദാഹജലവിതരണവുമായി കെ.സി.വൈ.എം.**

    പൂരത്തിരക്കിൽ ദാഹിച്ചു വലഞ്ഞവർക്ക് ദാഹജലവുമായി കെ.സി.വൈ.എം. അതിരൂപത പ്രവർത്തകർ. സെന്റ്. തോമസ് കോളേജിന്റെ പരിസരത്താണ് പ്രവർത്തകർ ദാഹജലവിതരണം നടത്തിയത്. കെ.സി.വൈ.എം. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ദാഹജലവിതരണം ഉദ്ഘാടനം ചെയ്തു.

2. **ട്രൈബൽ പോലീസുകാർക്ക് ആശംസകളുമായി കെ.സി.വൈ.എം.**

    കേരള പോലീസ് അക്കാദമിയിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കി പോലീസ് സേനയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 74 ട്രൈബൽ പോലീസ് സേനാംഗങ്ങൾക്കുവേണ്ടി അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള പരേഡ് കമാന്ററായ ജിഷ്ണു രാജിനും, മോഷ്ടാവ് എന്ന് അധിക്ഷേപിച്ച് ആൾക്കൂട്ടം മർദ്ദിച്ചു കൊലപ്പെടുത്തിയ യുവാവ് മധുവിന്റെ സഹോദരി ചന്ദ്രികയെയും അതിരൂപത കെ.സി.വൈ.എം. സമിതിയുടെ ഉപഹാരം നൽകികൊണ്ട് ആശംസകൾ അറിയിച്ചു.

3. **മലയാറ്റൂർ കാൽനടയാത്രക്കാർക്ക് ദാഹജലം**

    മലയാറ്റൂരിലേക്ക് കാൽനടയാത്രയായി പോകുന്ന തീർത്ഥാടകർക്ക് ദാഹജലവുമായി തൃശൂർ അതിരൂപത സമിതിയുടെ വാഹനം തൃശൂർ മുതൽ കൊടക്കര വരെ യാത്ര നടത്തി. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദാഹജലവിതരണം ഉദ്ഘാടനം ചെയ്തു.

4. **ശ്രീലങ്കൻ ജനതയ്ക്ക് ഐക്യദാർഢ്യം**

    ശ്രീലങ്കൻ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കെ.സി.വൈ.എം. അതിരൂപത സമിതി പ്രാർത്ഥനാദീപം തെളിയിച്ചു.

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. ഒല്ലൂക്കര യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രാർത്ഥനാദീപം തെളിയിക്കൽ ചടങ്ങിൽ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു.

| | | |
|---|---|---|
| **സാജൻ ജോസ്** | **സാജൻ സി.ജെ.** | **ഫാ. ഡിറ്റോ കൂള** |
| പ്രസിഡണ്ട് | ജനറൽ സെക്രട്ടറി | ഡയറക്ടർ |




1. **ശ്രീലങ്കൻ സഹോദരങ്ങൾക്ക് ഐക്യദാർഢ്യം**
   ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിലുണ്ടായ ഭീകരാക്രമണത്തിൽ മരണമടഞ്ഞവരും പരിക്കേറ്റവരുമായ സഹോദരങ്ങൾക്കും അവരെപ്രതി മനസ്സ് നുറുങ്ങിയ എല്ലാ സഹോദരങ്ങൾക്കും വേണ്ടി രക്തസാക്ഷിജ്വാല അതിരൂപതയിൽ സംഘടിപ്പിച്ചു. തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ നിന്നും രക്തസാക്ഷിജ്വാല തെളിയിച്ചുകൊണ്ട് ജപമാല ചൊല്ലി കിഴക്കെ കോട്ടയിലേക്ക് ജപമാല റാലിയും സംഘടിപ്പിച്ചു. അതിരൂപത സമിതി നേതൃത്വം നല്കി. സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ രക്തസാക്ഷി ജ്വാല ഉദ്ഘാടനം ചെയ്തു. ഫാ. വർഗ്ഗീസ് കുത്തൂർ, ഫാ. ജോസ് ചാലയ്ക്കൽ, ഡോ. മേരി റജീന, എ. എ. ആന്റണി, അഡ്വ. ബിജു കുണ്ടുകുളം, എൻ. പി. ജാക്സൺ മാസ്റ്റർ എന്നിവർ സംസാരിച്ചു.
2. **ഫൊറോന ജനറൽ ബോഡി യോഗങ്ങളും; യൂണിറ്റ് രൂപീകരണങ്ങളും**
   കത്തോലിക്ക കോൺഗ്രസ്സ് ഫൊറോന ജനറൽ ബോഡിയോഗങ്ങൾ എരുമപ്പെട്ടി, ഒല്ലൂർ എന്നിവിടങ്ങളിൽ നടന്നു. യൂണിറ്റ് രൂപീകരണങ്ങളും ഫൊറോന ജനറൽ ബോഡി യോഗങ്ങളും മെയ്–ജൂൺ മാസങ്ങളിൽ തുടരുന്നു.

3. **അതിരൂപതതല കർമ്മസേന**
കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ യൂണിറ്റുകളിൽ നിന്നും സന്നദ്ധസേവകരെ കണ്ടെത്തികൊണ്ട് അതിരൂപത തല കർമ്മസേനക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

4. **ഫോറം രൂപീകരണങ്ങളും, റിസോഴ്സ് ടീം രൂപീകരണവും**
വിവിധ മേഖലകളെ സംഘടിതശേഷിയാക്കുന്നതിന്റെ ഭാഗമായി ഫോറം രൂപീകരണങ്ങളും, അതിരൂപതയിലെ റിസോഴ്സ് ടീമിനെ കണ്ടെത്തികൊണ്ട് റിസോഴ്സ് ടീം രൂപീകരണവും മെയ്–ജൂൺമാസങ്ങളിൽ നടത്തപ്പെടുന്നു. ആയതിന്റെ ഒരുക്കങ്ങൾ ആരംഭിച്ചു.

**എൻ. പി. ജാക്സൺ**
ജനറൽ സെക്രട്ടറി

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ




# ചിൽഡ്രൻസ് മിനിസ്ട്രി

1. **പ്രവർത്തന കാലഘട്ട ഉദ്ഘാടനം – ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്**
ചിൽഡ്രൻസ് മിനിസ്ട്രിയുടെ 2019–20 പ്രവർത്തന കാലഘട്ടത്തിന്റെ ഉദ്ഘാടനവും അതിരൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ആദരിക്കലും **ഡി ബി സി എൽ സി –യിൽ വെച്ച് ജൂൺ 22 – ാം തിയ്യതി ശനിയാഴ്ച രാവിലെ 9.00 മുതൽ 4 മണി വരെ** നടത്തപ്പെടുന്നു. തിരുബാലസഖ്യം, ജൂനിയർ സി. എൽ. സി, അൾത്താരസംഘം എന്നീ സംഘടനകളുടെ പ്രമോട്ടേഴ്സും, ആനിമേറ്റേഴ്സും, ലീഡേഴ്സും നിർബന്ധമായും ഈ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. സംഗമത്തിൽ സംബന്ധിക്കുവാൻ സാധിക്കാത്ത ഫൊറോന ഭാരവാഹികൾ നിർബന്ധമായും തക്കതായ കാരണം ഡയറക്ടറച്ചനെ അറിയിക്കേണ്ടതാണ്. വാർഷിക പ്രോഗ്രാം അടങ്ങുന്ന പുസ്തകം അന്ന് തന്നെ പ്രകാശനം ചെയ്യുന്നതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 10 –ന് മുമ്പ് ചിൽഡ്രൻസ്

മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ (ഫോൺ 0487 2325336, 9947582522, 9446080084)

2. **മരിയൻ കാരംസ് ലീഗ് 2019**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ജൂനിയർ സി. എൽ. സി. കുട്ടികൾക്കായി ഏപ്രിൽ 24,25 തിയ്യതികളിൽ **മരിയൻ കാരംസ് ലീഗ് 2019** സംഘടിപ്പിച്ചു. 40 ടീമുകൾ മൽസരത്തിൽ പങ്കെടുത്തു. ആൺകുട്ടികളുടെ ടൂർണമെന്റിൽ സെന്റ് ജോർജ്ജ് ചർച്ച് മുക്കാട്ടുകര, വിന്നേഴ്സ് അപ്പ് ട്രോഫിയും 1500 രൂപ ക്യാഷ് അവാർഡ് നേടുകയും സെന്റ് ആന്റണീസ് ചർച്ച് ചിറക്കൽ റണ്ണേഴ്സ് അപ്പ് ട്രോഫിയും 1000 രൂപ ക്യാഷ് അവാർഡ് നേടുകയും ചെയ്തു. പെൺകുട്ടികളുടെ ടൂർണമെന്റിൽ ലൂർദ്ദ് കത്തീഡ്രൽ വിന്നേഴ്സ് അപ്പ് ട്രോഫിയും 1500 രൂപ ക്യാഷ് അവാർഡ് നേടുകയും സെന്റ് ജോസഫ് ചർച്ച് കുരിയച്ചിറ, റണ്ണേഴ്സ് അപ്പ് ട്രോഫിയും 1000 രൂപ ക്യാഷ് അവാർഡ് നേടുകയും ചെയ്തു. കുട്ടികളുടെ നേതൃത്വപരിശീലന ക്യാമ്പിൽ വച്ച് 2019-2020 വർഷത്തെ നയിക്കുന്നതിനായി പുതിയ അതിരൂപത, ഭാരവാഹികളെ തിരഞ്ഞെടുത്തു.

3. **അതിരൂപത ഭാരവാഹികൾ**

**തിരുബാലസഖ്യം**

**പ്രസിഡണ്ട് –** ആബേൽ ഡേവിസ് – വെളപ്പായ, **വൈസ് പ്രസിഡണ്ട് –** ആഗ്ന മരിയ – മറ്റം, **സെക്രട്ടറി –** അനുഗ്രഹ ജോർജ്ജ് – പറപ്പൂർ, **ജോയിന്റ് സെക്രട്ടറി –** സാൽവിൻ സണ്ണി – ചിറക്കൽ, **ട്രഷറർ –** സിറിൽ റോയ് – പീച്ചി. **എക്സിക്യൂട്ടീവ് അംഗങ്ങൾ;** അലൻ ജോസഫ്– പള്ളിക്കുന്ന്, അൽന മരിയ, കുരിയച്ചിറ.

**അൾത്താരസംഘം**

**പ്രസിഡണ്ട് –** ജോറോബിൻ ജോസ് – ചിറക്കൽ, **വൈസ് പ്രസിഡണ്ട് –** അഷർ പോൾ –വടൂക്കര, **സെക്രട്ടറി –** അനോഷ് പോൾ – എരുമപ്പെട്ടി **ജോയിന്റ് സെക്രട്ടറി –** ഏഞ്ചവിൻ പൊറുത്തൂക്കാരൻ – പനമുക്ക് **ട്രഷറർ –** ആൽബിൻ സതീഷ് – പറവട്ടാനി. **എക്സിക്യൂട്ടീവ് അംഗങ്ങൾ;** നോയൽ ടി.ബി.– വേലൂർ, ആൽഡിൻ സൈമൺ, കുരിയച്ചിറ.

**ജൂനിയർ സി.എൽ.സി.**

**പ്രസിഡണ്ട് –** ലൂയിസ് ജോൺ – എരുമപ്പെട്ടി, **വൈസ് പ്രസിഡണ്ട് –** അന്ന ജോയ് – പീച്ചി, **സെക്രട്ടറി –** സിസ സാജ് – എരനെല്ലൂർ, **ജോയിന്റ് സെക്രട്ടറി –** അബിനവ് തോമസ് – മറ്റം, **ട്രഷറർ –** അലീന ജോബി –

അമലനഗർ, **ക്യാപ്റ്റൻ –** ഡെറിൻ ഡെന്നി – മങ്ങാട്. **എക്സിക്യൂട്ടീവ് അഗങ്ങൾ;** റിയ മരിയ – എരനെല്ലൂർ, അലീന ആന്റണി – കരുമത്ര

## 4. Rainbow, Colours, Hesed

തിരുബാലസഖ്യം (സ്കൂളുകൾ ഉൾപ്പെടെ), ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകൾക്ക് ഏക ദിന പരിശീലന ക്യാമ്പുകൾ (Rainbow, Colours, Hesed) സംഘടിപ്പിക്കേണ്ടതാണ്. സഹായ സഹകരണങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**5. പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** എന്റെ അധരങ്ങൾ കർത്താവിന് ഏറെ കൃതജ്ഞതയർപ്പിക്കും; ജനക്കൂട്ടത്തിന്റെ നടുവിൽ ഞാൻ അവിടുത്തെ പ്രകീർത്തിക്കും(സങ്കീ. 109:30)

**സുകൃതജപം:** എളിമയിൽ വളരുവാൻ എന്നെ സഹായിക്കണമേ.

**പ്രാർത്ഥനാ നിയോഗം:** മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുക

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. അന്തോണീസ് (ജൂൺ 13)

**പ്രവർത്തനം:** കൂട്ടുകാരെയും സാധിക്കുന്നവരേയും വിശുദ്ധകുർബാനയിൽ പങ്കെടുപ്പിക്കുവാൻ ശ്രമിക്കുക.

**സി. റെജി എസ്.എസ്.പി.സി**
കോഡിനേറ്റർ

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
ഡയറക്ടർ



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

1. റവ ഫാ. റാഫേൽ ചിറ്റിലപ്പിള്ളി, ബ്ര. പി.ടി ഫ്രാൻസിസ് ആറ്റുപുറം കോൺഫ്രൻസ്, ബ്ര. പി.കെ കുഞ്ഞിപ്പാലു ഏങ്ങണ്ടിയൂർ കോൺഫ്രൻസ് എന്നിവരുടെയും, ശ്രീലങ്കയിലെ സ്ഫോടനത്തിൽ മരണമടഞ്ഞവരുടെയും നിര്യാണത്തിൽ ആദരാജ്ഞലികൾ അർപ്പി

ക്കുകയും, ശ്രീലങ്കയിലെ കത്തോലിക്ക സഭയക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തു.

2. വിൻസെൻഷ്യൻ അംഗങ്ങൾക്കുള്ള ക്വിസ്സ്, ഉപന്യാസം, പ്രസംഗം, ഭക്തിഗാനം എന്നി മത്സരങ്ങൾ 14.07.2019 ലെ എ.സി തലത്തിലും 28.07.2019 ന് സി.സി തലത്തിലും നടത്തുന്നതാണ്.
3. മതബോധനം 10,11,12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള മത്സരങ്ങൾ ഫൊറോനതലത്തിൽ 11.08.2019 നും അതിരൂപത തലത്തിൽ 25.08.2019 നും നടത്തുന്നതാണ്. ഈ മത്സരങ്ങളിൽ ഒരു ഇടവകയിൽ നിന്നും ഒരു വിദ്യാർത്ഥിക്കു മാത്രമേ പങ്കെടുക്കുവാൻ

**കെ. എ. ഷിബു കെ. കെ. പോൾസൺ ഫാ. റോയ് മൂക്കൻ**
പ്രസിഡണ്ട് സെക്രട്ടറി ആദ്ധ്യാത്മികോപദേഷ്ടാവ്



# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയത്തിന്റെ 694–ാമതും തൃശൂർ കൂരിയായുടെ 745–ാമതും സമ്മേളനം 2019 മെയ് 5 ന് കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും, ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ അച്ചന്റെ സാന്നിദ്ധ്യത്തിലും പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് കൂടുകയുണ്ടായി. ആദ്ധ്യാത്മിക നിയന്താവ് ജ്ഞാനവായന നടത്തിയതിനുശേഷം സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ മുൻ മാസ റിപ്പോർട്ടും, മുൻ മാസം വരവ് ചിലവ് കണക്കും അവതരിപ്പിച്ചു. ജോ. സെക്രട്ടറി സി. റോസിലി ജോസഫ് ഹാജർ വിളിച്ചതിനുശേഷം പ്രസിഡന്റ് എല്ലാ മരിയ സൈനീകരേയും സ്വാഗതം ആശംസിച്ചു. സൈനിക ജപശൃംഖലയ്ക്കുശേഷം ആദ്ധ്യാത്മിക നിയന്താവ് പ്രഭാഷണം നടത്തി. ഈ വർഷത്തെ ആച്ചിയസ് ചടങ്ങിനെകുറിച്ച് ആദ്ധ്യാത്മിക നിയന്താവ് മരിയ സൈനികർ

അടുത്ത ഒരു വർഷത്തേക്ക് പ്രതിജ്ഞ പുതുക്കിയതിനെ പ്രശം സിച്ചുകൊണ്ട് സംസാരിച്ചു.

മാർച്ച് 31 ന് നടന്ന ആച്ചിയസ് ചടങ്ങ് സെന്റ് മേരീസ് കോളേജിലെ ജൂബിലി ഹാളിൽ വെച്ച് പ്രാരംഭ പ്രാർത്ഥനയോടും ജപ മാലയോടും കൂടി 10 മണിക്ക് ആരംഭിച്ചു. തുടർന്ന് പുതിയ വികാരി ജനറാളായി സ്ഥാനമേറ്റെടുത്ത ബഹു. ജോസ് വല്ലൂരാൻ അച്ചനെ പൂച്ചെണ്ടു നല്കി സ്വീകരിച്ചു. സ്വീകരണത്തിനു നന്ദി പറഞ്ഞ ജന റാളച്ചന് ആദ്ധ്യാത്മിക നിയന്താവ് സ്വാഗതവും കമ്മീസിയം സെക്രട്ടറി നന്ദിയും പറഞ്ഞു. അതിനുശേഷം മുല്ലശ്ശേരി പ്രസീദിയം പ്രസിഡന്റും ഏനാമാക്കൻ കൂരിയ പ്രസിഡന്റുമായ ബ്ര. ജെയ്ക്കബ്ബ് പാലയൂർ ധ്യാന പ്രസംഗം നടത്തി. 12 മണിക്ക് മരിച്ചുപോയ മരിയ സൈനീകർക്കായി പ്രത്യേക പ്രാർത്ഥന നടത്തിയതിനുശേഷം ആദ്ധ്യാത്മിക നിയന്താവ് വി.കുർബ്ബാന അർപ്പിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം 2.30 ന് ആച്ചിയസ് സമ്മേളനം അഭി വന്ദ്യ മാർ ജെയ്ക്കബ്ബ് തൂങ്കുഴി ഉദ്ഘാടനം ചെയ്തു. കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയ് അദ്ധ്യക്ഷത വഹിച്ച സമ്മേളന ത്തിൽ മരിയ സൈനീകനായി 90–ാം വയസ്സിലും സജീവമായി പ്രവർത്തിച്ചു വരുന്ന കമ്മീസിയം മുൻ പ്രസിഡന്റും, ഒല്ലൂർ കൂരിയ പ്രസിഡന്റുമായിരുന്ന ബ്ര. ജോസ് തെക്കിനിയത്തിനെയും, 55 വർഷം മരിയ സൈനീകനായും 45 വർഷം മതബോധന രംഗത്ത് പറവട്ടാനി ഇടവകയിൽ മതാദ്ധ്യാപകനായി സേവനം പൂർത്തി യാക്കിയതിൽ കമ്മീസിയം സെക്രട്ടറിയായ ബ്ര. പി. സി. കുരിയ പ്പനെയും അഭിവന്ദ്യ തൂങ്കുഴി പിതാവ് പൊന്നാട അണിയിച്ച് മെമെന്റോ നല്കി ആദരിച്ചു. ബ്ര.ജോസ് തെക്കിനിയത്ത് ആദരവു കൾക്ക് മറുപടി പറഞ്ഞ് സംസാരിച്ചു.

സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. മാഗി ജോസ് ആശംസകളർപ്പിച്ചുകൊണ്ട് സംസാരിച്ചു. സമ്മേളനത്തിൽ ആദ്ധ്യാത്മിക നിയന്താവ് സ്വാഗതവും, ട്രഷറർ ബ്ര. ജിമ്മി റാഫേൽ നന്ദിയും പറഞ്ഞതിനുശേഷം 600 ഓളം വരുന്ന മരിയ സൈനീകർ മാതാവിന്റെ കൊടിക്കീഴിൽ പ്രതിജ്ഞ പുതുക്കി 2 വരിയായി സൈനിക പ്രകടനമായി ജപമാല ചൊല്ലികൊണ്ട് ബസലിക്കാ പള്ളിയിൽ എത്തിച്ചേരുകയും ബസലിക്ക റെക്ടർ ബഹു. നോബി അമ്പൂക്കൻ അച്ചൻ മരിയൻ സന്ദേശവും, മരിയസൈനികർക്കാ യി പ്രതിഷ്ഠാജപം ചൊല്ലിതരുകയും ചെയ്തതിനുശേഷം

ആശീർവ്വാദത്തോടെ ആച്ചിയസ് ചടങ്ങ് സമാപിക്കുകയും ചെയ്തു. ഭക്തി നിർഭരമായ മരിയൻ സൈനീകരുടെ പ്രവർത്തനത്തെ ബഹു. റെക്ടറച്ചൻ പ്രശംസിച്ചുകൊണ്ട് സംസാരിച്ചു.

കഴിഞ്ഞ വർഷത്തിൽ പുതിയ പ്രസീദിയങ്ങളും, കൂരിയാകളും ആരംഭിക്കുകയുണ്ടായി. പുതുതായി സൈനീകരായി ചേർന്നവർക്ക് ലീജിയനെക്കുറിച്ചുള്ള ഒരവബോധം നല്കുന്നതിന് കമ്മീസിയം മീറ്റിംഗിൽ വെച്ച് തീരുമാനിച്ചതനുസരിച്ച് മെയ് 12 ന് കൂരിയ പ്രസിഡന്റുമാരുടെ യോഗത്തിൽ വെച്ച് 4 പ്രധാന വിഷയങ്ങളെക്കുറിച്ച് ജൂൺ 2 ന് കൂടുന്ന കമ്മീസിയം മീറ്റിംഗിൽ ക്ലാസ് നയിക്കുന്നതിനായി ബ്ര. പി. സി. കുരിയപ്പൻ, കെ. പി. ജോയ്, ജെയ്ക്കബ് പാലയൂർ, ജോഷി പി. എ. എന്നിവരെ ചുമതലപ്പെടുത്തി.

**ഫാ. ജോൺ മൂലൻ**
ആദ്ധ്യാത്മികനിയന്താവ്

**കെ.പി. ജോയ്**
പ്രസിഡന്റ്

**പി.സി. കുരിയപ്പൻ**
സെക്രട്ടറി




**ഫ്രാൻസിസ്ക്കൻ മഹോത്സവം**

തൃശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായസഭയുടെ നേതൃത്വത്തിൽ ഫ്രാൻസിസ്കൻ മഹോത്സവം കുറുമാൽ ഗാഗുൽത്താ ധ്യാന കേന്ദ്രത്തിൽ വെച്ച് 11.05.2019 ശനിയാഴ്ച വിപുലമായ തോതിൽ ആഘോഷിച്ചു. ഡയറക്ടർ ഫാ. ഷിന്റോ ഞർളേലിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം അതിരൂപത ചാൻസലർ ഫാ. മാത്യു കുറ്റിക്കോട്ടയിൽ ഉദ്ഘാടനം ചെയ്തു. കപ്പുച്ചിൻ പ്രോവിൻഷ്യാൾ ഫാ. പോളി മാടശ്ശേരി മുഖ്യ പ്രഭാഷണം നടത്തി. ഫാ. ലിജോ ചിരിയങ്കണ്ടത്ത് "ഫ്രാൻസിസ്കൻ ആദ്ധ്യാത്മികത കുടുംബങ്ങളിൽ" എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു. പ്രവർത്തന കലണ്ടറിന്റെ പ്രകാശനം ഡോ.ജെറി ജോസഫ് നിർവ്വഹിച്ചു. ഫാ.ദിൽ കോനിക്കര ദിവ്യ ബലി അർപ്പിച്ച് സന്ദേശം നൽകി.

അതിരൂപത പ്രസിഡണ്ട് സണ്ണി വടക്കൻ, സണ്ണി വടക്കൻ, സെക്രട്ടറി പി.ഐ. സൈമൺ, ട്രഷറർ ടി.കെ. ഡേവീസ്, വൈ. പ്രസിഡണ്ട് പി. വി. ഔസേഫ്, വർഗ്ഗീസ് വളപ്പില, ജോസ് പീറ്റർ, സെലീന ജോൺ, സിസ്റ്റർ ലിറ്റി തെരേസ എന്നിവർ പ്രസംഗിച്ചു. സ്ഥലം മാറി പോകുന്ന റീജിയൺ ആനിമേറ്റർസിന് യാത്രയയപ്പും പുതിയതായി ചാർജ്ജ് എടുത്ത ആനിമേറ്റേഴസിനെ സ്വാഗതവും ചെയ്തു. അതിരൂപതയിലെ ഏറ്റവും നല്ല യൂണിറ്റുകളായി പുത്തൻപീടിക, ഗുരുവായൂർ, കുണ്ടന്നൂർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഇവർക്കുള്ള ട്രോഫികളും മെമന്റോകളും ഗാഗുൽത്ത ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ആന്റണി മാണിപറമ്പിൽ വിതരണം ചെയ്തു. അംഗങ്ങളുടെ കലാ പരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

**ഫാ. ഷിന്റോ ഞർളേലി OFM. Cap.**
ഡയറക്ടർ

**സണ്ണി വടക്കൻ**
പ്രസിഡന്റ്

**പി.ഐ. സൈമൺ**
സെക്രട്ടറി




### 1. KCSL സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് സമാപിച്ചു

ഈ വർഷത്തെ സംസ്ഥാന നേതൃത്വപരിശീലന ക്യാമ്പ് മാവേലിക്കര ജീവാരാമിൽവെച്ച് ഏപ്രിൽ 24, 25, 26, 27 തിയ്യതികളിലായി നടന്നു. തൃശ്ശൂർ അതിരൂപതയിൽ നിന്ന് പതിനൊന്ന് വിദ്യാർത്ഥികളും മൂന്ന് ആനിമേറ്റർമാരും പങ്കെടുത്തു.

### 2. പുതിയ സംസ്ഥാന എച്ച്. എസ്. സെക്രട്ടറി

2019 – 2020 ലെ സംസ്ഥാന വിദ്യാർത്ഥി ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞു. പുതിയ എച്ച്. എസ്. സെക്രട്ടറിയായി തൃശ്ശൂർ അതിരൂപതയിലെ അജ്മലിനെ (ദീപ്തി എച്ച്. എസ് തലോർ) തിരഞ്ഞെടുത്തു. അഭിനന്ദനങ്ങൾ.

### 3. തൃശ്ശൂർ അതിരൂപതാശതാബ്ദി വർഷം

തൃശ്ശൂർ അതിരൂപതാ ശതാബ്ദി വർഷമാണ്. ഈ അദ്ധ്യായനവർഷം പ്രധാന പരിപാടികളുടെ ഡേറ്റുകൾ.

| | |
|---|---|
| ജൂൺ 21 | – ശതാബ്ദി പൂർവ്വാദ്ധ്യാപക വിദ്യാർത്ഥി സംഗമം ആനിമേറ്റേഴ്സ് ഡെ, മെറിറ്റ് ഡെ |
| ആഗസ്റ്റ് 23 | – മദർതെരേസ ദിനം വസ്ത്രശേഖരണ വിതരണോദ്ഘാടനം ശില്പശാല |
| സെപ്തംബർ 19 | – പ്രാർത്ഥനാ ദിനം |
| സെപ്തംബർ 21 | – ശതാബ്ദി സാഹിത്യോത്സവം |
| ഒക്ടേബർ 2 | – ശതാബ്ദി കലോത്സവം |
| ഒക്ടേബർ 12 | – ശതാബ്ദി ക്രൈസ്തവ പാരമ്പര്യ കലോത്സവം |
| ജനുവരി | – ശതാബ്ദി സമാപനം (ഡേറ്റ് തീരുമാനിച്ചിട്ടില്ല) |
| മാർച്ച് 9 | – അതിരൂപതാ നേതൃത്വ പരിശീലന ക്യാമ്പ് |

അതിരൂപതാ ശതാബ്ദിയോടനുബന്ധിച്ച് ഓരോ സ്കൂളും ഒരു പ്രത്യേക പരിപാടി സംഘടിപ്പിച്ച് അതിന്റെ വിശദാംശങ്ങൾ അതിരൂപതയെ അറിയിക്കുക.

**4. അതിരൂപതാ ശതാബ്ദി പൂർവ്വാദ്ധ്യാപക വിദ്യാർത്ഥി സംഗമം ആനിമേറ്റേഴ്സ് ഡെ, മെറിറ്റ് ഡെ**

അതിരൂപതാ ശതാബ്ദിയോടനുബന്ധിച്ച് പൂർവ്വാദ്ധ്യാപക വിദ്യാർത്ഥി സംഗമം ജൂൺ 21ന് സംഘടിപ്പിക്കുന്നു. മുൻ വർഷങ്ങളിൽ KCSL ആനിമേറ്റർ മാരായി പ്രവർത്തിച്ച അദ്ധ്യാപകരേയും മുൻ KCSL വിദ്യാർത്ഥി അംഗങ്ങളേയുമാണ് യോഗത്തിന് പ്രതീക്ഷിക്കുന്നത് അതതു സ്കൂളുകൾ പ്രസ്തുത അംഗങ്ങളെ കണ്ടെത്തി പരിപാടി അറിയിക്കണം.

അന്നുതന്നെ ആനിമേറ്റേഴ്സ് ഡെയും ഉച്ചയ്ക്ക് മെറിറ്റ് ഡെയും സംഘടിപ്പിക്കുന്നു. മെറിറ്റ് ഡെയിൽ പതിവുപോലെ SSLC/ HSS/ CBSE X & XII ക്ലാസ്സുകളിൽ Full A+ or Full A one നേടിയ KCSL അംഗങ്ങളെ ആദരിക്കുന്നു. ഇതിനായി ഈ KCSL അംഗങ്ങളുടെ പേരും ഫോട്ടോകളും നിശ്ചിത ഫോമിൽ ജൂൺ 10ന് മുമ്പ് പ്രസിഡന്റിനെ ഏൽപിക്കുക.

**4. ചാരിറ്റി അവാർഡ്**

കഴിഞ്ഞ അദ്ധ്യായന വർഷത്തിലെ ചാരിറ്റി പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച KCSL യൂണിറ്റുകൾക്ക് ചാരിറ്റി അവാർഡുകൾ നൽകുന്നു. ഇതിനായി ചാരിറ്റി റിപ്പോർട്ടുകൾ (ഫോട്ടോ സഹിതം) ജൂൺ 10ന് മുമ്പ് പ്രസിഡണ്ടിനെ ഏൽപിക്കുക.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ




**1. പരിശുദ്ധാത്മാഭിഷേക കൺവൻഷൻ**

തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക് നവീകരണമുന്നേറ്റം പെന്ത ക്കുസ്ത തിരുനാളിനോടനുബന്ധിച്ച് ഒരുക്കുന്ന പരിശുദ്ധാത്മാ ഭിഷേക കൺവൻഷൻ 2019 ജൂൺ 5 ബുധനാഴ്ച ആരംഭിക്കും. മാർ ജേക്കബ് തൂങ്കുഴി ഉദ്ഘാടനം ചെയ്യും. മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ എന്നിവർ ദിവ്യബലി യർപ്പിച്ച് വചനസന്ദേശം നൽകും ജൂൺ 9 ഞായറാഴ്ച കരി സ്മാറ്റിക് ദിനത്തോടെ സമാപിക്കും. പെന്തക്കുസ്ത തിരുനാൾ കരിസ്മാറ്റിക് ദിനമായി ആഘോഷിക്കും. ചേറൂർ ആബാറിന്യൂ വൽ സെന്ററിലാണ് കൺവൻഷൻ നടത്തുന്നത്. ദിവ്യബലി, വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന, ജപമാല, ഗാന ശുശ്രൂഷ, അഭിഷേകപ്രാർത്ഥന എന്നിവ ദിവസവും ഉണ്ടായി രിക്കും. രാവിലെ 9.30 മുതൽ വൈകീട്ട് 4 വരെയും വൈകീട്ട് 5 മുതൽ രാത്രി 9 വരെയും രണ്ട് സെഷനുകൾ ഉണ്ടായിരിക്കും. വൈകീട്ട് 5.30 ന് ദിവ്യബലിയുണ്ടായിരിക്കും. കൺവെൻഷനിൽ താമസിച്ച് പങ്കെടുക്കാൻ സൗകര്യമുണ്ട്. പേരുകൾ നേരത്തെ രജിസ്റ്റർ ചെയ്യണം. ഫീസ് 300 രൂപ. അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ ഫാ.സജീവ് ഇമ്മട്ടിയും സോണൽ സർവ്വീസ് ടീമും ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

കരിസ്മാറ്റിക ദിനമായ ജൂൺ 9 ന് എല്ലാ വചന പ്രഘോഷ കരും സ്പിരിചൽ ഷെയറിംഗ് നടത്തുന്നവരും, പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങളും നിർബന്ധമായും പങ്കെടുക്കണം. പെന്തക്കു സ്താ ദിനത്തിന് ഒരുക്കമായുള്ള ഒരുക്കപ്രാർത്ഥനാ ശുശ്രൂഷ കൾ മെയ് 31 ന് ആരംഭിച്ച് ജൂൺ 4 ന് സമാപിക്കും. രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെയായിരിക്കും ദിവ്യകാ രുണ്യാരാധന, വി.കുർബാന എന്നിവയോടെ ഒരുക്കശുശ്രൂഷ കൾ നടത്തുന്നത്.

ഒരുക്കശുശ്രൂഷകൾക്ക് നേതൃത്വം നൽകേണ്ട സബ്സോണുകളും മിനിസ്ട്രികളും

മെയ് 31 വെള്ളി –വടക്കാഞ്ചേരി, പറപ്പൂർ, പട്ടിക്കാട്, മധ്യസ്ഥ പ്രാർത്ഥ മിനിസ്ട്രി

ജൂൺ 1 ശനി – ലൂർദ്ദ്, പാലയൂർ, വേലൂർ, കപ്പിൾസ് മിനിസ്ട്രി

ജൂൺ 2 ഞായർ – ബസിലിക്ക, പഴുവിൽ, ജീവജ്വാല, തൂവാനിസ മിനിസ്ട്രികൾ

ജൂൺ 3 തിങ്കൾ – എരുമപ്പെട്ടി, കണ്ടാശ്ശാംകടവ്, പുത്തൂർ, പാരിഷ് മിനിസ്ട്രി

ജൂൺ 4 ചൊവ്വ – ഒല്ലൂർ, കൊട്ടേക്കാട്, ചേലക്കര, മറ്റം, പുതുക്കാട്, സിംഗിൾസ് മിനിസ്ട്രി

**2. പാരിഷ് മിനിസ്ട്രി ഏകദിന കൂട്ടായ്മ**

പാരിഷ് മിനിസ്ട്രി പ്രതിമാസ കൂട്ടായ്മ മെയ് 6 തിങ്കളാഴ്ച രാവിലെ 9.30 മുതൽ വൈകീട്ട് 4 വരെ ആബാ റിന്യൂവൽ സെന്ററിൽ നടന്നു. മംഗലപ്പുഴ സെമിനാരിയിലെ പ്രൊഫസർ റവ. ഫാ.ജോൺസൺ അച്ചാണ്ടി 'പരിശുദ്ധാത്മാവ്' എന്ന വിഷയത്തെ അധികരിച്ച് ക്ലാസ്സെടുത്തു. റവ.ഫാ.സജീവ് ഇമ്മട്ടി ദിവ്യബലിയർപ്പിക്കുകയും ദിവ്യകാരുണ്യാരാധനയ്ക്കു നേതൃത്വം നൽകുകയും ചെയ്തു.

**3. സോണൽ സർവീസ് ടീം കൂട്ടായ്മ**

മെയ് 3 വെള്ളിയാഴ്ച സോണൽ സർവീസ് ടീം ആബാ റിന്യൂവൽ സെന്ററിൽ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഒന്നിച്ചുകൂടി പ്രാർത്ഥിച്ചു. പരിശുദ്ധാത്മാഭിഷേക കൺവൻഷന്റെ ഒരുക്കങ്ങൾ വിശദമായി ചർച്ച ചെയ്തു. മെയ് 11 ന് രാവിലെ 10 മുതൽ ഉച്ച കഴിഞ്ഞ് 3 വരെ പ്രാർത്ഥനാദിനമായി ആചരിക്കുന്നതിന് നിശ്ചയിച്ചു.

കണ്ടശാംകടവ് സബ്സോൺ കോ– ഓർഡിനേറ്റർ ശ്രീ.ഡേവീസിന്റെ മകൾ ഡെയ്സി സി.എം.സി സന്ന്യാസ സമൂഹത്തിൽ പ്രഥമ വ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും ഏപ്രിൽ 27 ന് തൃശ്ശൂരിൽ നടന്ന ചടങ്ങിൽ വച്ച് നടത്തി.

**ഫാ. സജീവ് ഇമ്മട്ടി**
**ഡയറക്ടർ**



# സെന്റ് മേരീസ് ധ്യാനകേന്ദ്രം, പഴുവിൽ

തൃശ്ശൂർ അതിരൂപത ഏറ്റെടുത്തിരിക്കുന്ന സെന്റ് മേരീസ് ധ്യാനകേന്ദ്രത്തെ കുറിച്ച് പ്രസിദ്ധീകരിക്കുന്നതിന് നൽകുന്ന വിവരങ്ങൾ

* തുടക്കത്തിൽ താന്ന്യം പള്ളിയിലും പിന്നീട് പഴുവിലും ഇപ്പോൾ ഗോകുലം സ്കൂളിന്റെ എതിർവശത്തുമായി പ്രവർത്തിച്ചു വരുന്ന ഈ ധ്യാനടീം 25 കൊല്ലം ശുശ്രൂഷയിൽ പൂർത്തിയായിരിക്കുന്നു.
* 2019 ഏപ്രിൽ 26ന് സെന്റ് ആന്റണീസ് കരുണാലയം ട്രസ്റ്റിൽ നിന്ന് ധ്യാനകേന്ദ്രവും ഇതുമായി ബന്ധപ്പെട്ട സ്ഥാവര ജംഗമ വസ്തുക്കളും അതിരൂപത പുതിയ ട്രസ്റ്റ് രൂപീകരിച്ച് (സെന്റ് മേരീസ് റിട്രീറ്റ് സെന്റർ ട്രസ്റ്റ്) തീറെടുത്ത് ഏറ്റെടുത്തിരിക്കുന്നു.
* ആബാ ധ്യാനകേന്ദ്രത്തിനു കീഴിൽ അതിരൂപതയുടെ ധ്യാനകേന്ദ്രവുമായി തുടർന്ന് പ്രവർത്തിക്കുന്നു.
* തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ ശുശ്രൂഷാ നേതൃത്വത്തിൽ സന്യസ്തരോടും അത്മായ ശുശ്രൂഷകരോടും ചേർന്ന് പ്രവർത്തിക്കുന്നു.
* വിവിധ കരിസ്മാറ്റിക് ധ്യാനടീമുകൾ ധ്യാനങ്ങളൊരുക്കി ഇവിടെ പ്രവർത്തിച്ചു വരുന്നു.
* ഈ ധ്യാനകേന്ദ്രത്തിന്റെ ഏകദിന ധ്യാനശുശ്രൂഷ എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 3 വരെയണ്.
* ജപമാല, ദിവ്യബലി, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നിവയാണ് ഏകദിനത്തിലെ പ്രാർത്ഥനാ ശുശ്രൂഷകൾ.
* സെന്റ് മേരീസ് ധ്യാനകേന്ദ്രം നടത്തുന്ന 'ദൈവരാജ്യാനുഭവ ധ്യാനം' എല്ലാ മാസവും രണ്ടാമത്തെ ഞായർ വൈകിട്ട് 5 മണി മുതൽ ആരംഭിച്ച ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് സമാപിക്കുന്നു. സൗജന്യമായി നടത്തുന്ന ധ്യാനത്തിന് 60

പേർക്കാണ് പരമാവധി പങ്കെടുക്കാൻ കഴിയുക. ധ്യാനകേന്ദ്രത്തിൽ താമസിച്ചുകൂടി പങ്കെടുക്കുന്ന 'ദൈവരാജ്യാനുഭവ ധ്യാന' ത്തിനായി ബുക്ക് ചെയ്യുന്നതിനുള്ള ഫോൺ നമ്പർ 0487 2272580; 8289808506

**ഫാ. മനോജ് താണിക്കൽ**
ഡയറക്ടർ

# മദ്യ വിരുദ്ധ സമിതി




1. **മദ്യവിരുദ്ധ ഞായർ ആചരണം**

സംസ്ഥാന കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ ആഹ്വാന പ്രകാരം വലിയ നോമ്പിലെ രണ്ടാം ഞായറാഴ്ച്ച (മാർച്ച് 10 ) കുരിയച്ചിറ പള്ളിയിൽ മദ്യവിരുദ്ധ ദിനമായി ആചരിച്ചു. വിശുദ്ധ ബലിയർപ്പണവും മദ്യവിരുദ്ധ സന്ദേശവും – ഫാ. ദേവസ്സി പന്തല്ലൂക്കാരൻ നടത്തി. ലഹരിവിരുദ്ധ പുസ്തകം – "അരുതരുതേ"– വിതരണം ചെയ്തു. ലഹരിവിരുദ്ധ പ്രതിജ്ഞയും സംഘടനയോഗവും അരങ്ങേറി. വികാരി റവ. ഫാ. തോമസ് ചൂണ്ടൽ, എം.കെ. ബാബു, ഇ.എ. ജോസഫ്, ശ്രീമതി. പ്രേമ മൈക്കിൾ, എഡ്മണ്ട് പന്തല്ലൂക്കാരൻ തുടങ്ങിയവർ നേതൃത്വം നൽകി.

2019 മാർച്ച് 3 –ാം തിയ്യതി മദ്യവിരുദ്ധ ഞായർ ആചരിക്കുന്നതിന് ഒരുക്കമായി കുട്ടംകുളം വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഡയറക്ടർ ഫാ.ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. വികാരി റവ. ഫാ. ഫ്രേജോ വാഴപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന സെക്രട്ടറിയാണ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തത്. കൂടാതെ മദ്യവിരുദ്ധ പുസ്തകങ്ങളുടെ പ്രദർശനവും വിതരണവും സജ്ജീകരിച്ചിരുന്നു.

മദ്യവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി പൂങ്കുന്നം സെ. ജോസഫ് പള്ളിയിൽ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ച് ലഹരിവിരുദ്ധ സന്ദേശം നൽകി. വികാരി. റവ. ഫാ. ലിജോ ചിരിയങ്കണ്ടത്ത്, ശ്രീ. ജോസ് തുടങ്ങിയവർ നേതൃത്വം കൊടുത്തു. ഒല്ലൂർ ഫൊറോന പള്ളി, എരനല്ലൂർ, ഇരവിമംഗലം, കുമ്പളങ്ങാട്, മുക്കാട്ടുകര, നെല്ല

ങ്കര തുടങ്ങി നിരവധി പള്ളികളിൽ ലഹരിവിരുദ്ധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

2. **സംസ്ഥാന എക്സിക്യൂട്ടീവ്**

2019 മാർച്ച് 22 വൈകീട്ട് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന സെക്രട്ടേറിയേറ്റ് പി.ഒ.സി.യിൽ സമ്മേളിച്ചു മാർ റെമേജിയുസ് ഇഞ്ചനാനിയിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയരക്ടറച്ചനും തൃശ്ശൂർ അതിരൂപതാംഗമായ സംസ്ഥാന സെക്രട്ടറിയും പങ്കെടുക്കുകയുണ്ടായി.

3. **സംസ്ഥാനതലത്തിൽ അംഗീകാരം**

തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധ സമിതി സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം ഇത്തവണയും നിലനിർത്തി. മാർച്ച് 23 –ാം തിയ്യതി ഉച്ചതിരിഞ്ഞ് എറണാകുളം ടൗൺ ഹാളിൽ വച്ച് അതിരൂപതാ ഭാരവാഹികൾ സംസ്ഥാന ചെയർമാൻ മാർ റെമെജിയുസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങി. മാർ ജോഷ്വ ഇഗ്നാത്തിയോസ് പിതാവ് സന്നിഹിതനായിരുന്നു. വാർഷിക സമ്മേളനത്തിൽ ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ പ്രഭാഷണം നടത്തി.

4. **മദ്ധ്യമേഖല സമ്മേളനം**

മാർച്ച് 30 ന് ആളൂർ നവചൈതന്യ കേന്ദ്രത്തിൽ മദ്ധ്യമേഖല സമ്മേളനം അരങ്ങേറി. ഇരിങ്ങാലക്കുട രൂപത വികാരി ജനറാൾ മോൺ. ആന്റൊ തച്ചിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി ജോസ് ചെമ്പിശ്ശേരി റിപ്പോർട്ട് അവതരിപ്പിച്ച് പ്രവർത്തനങ്ങൾ വിശദീകരിക്കുകയുണ്ടായി. സംസ്ഥാന അവാർഡ് ജേതാവായ ശ്രീ സേവ്യർ പള്ളിപ്പാട്ട്, മാതൃകാദ്ധ്യാപകനായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ മാത്യു കല്ലടിക്കോട്, സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം നിലനിറുത്തിയ തൃശൂർ അതിരൂപതയുടെ സാരഥികൾ തുടങ്ങിയവരെ ആദരിച്ചു. ഫാ. പോളി കണ്ണൂകാടൻ മുഖ്യ നേതൃത്വവും അതിഥേയത്വവുമരുളി. യോഗത്തിൽ 50 ഓളം പേർ സംബന്ധിച്ചു.

5. **യുവജനബോധവൽക്കരണം**

തൃശ്ശൂർ സെ. തോമസ് കോളെജിൽ സംഘടിപ്പിച്ച യുവജന ലഹരി വിരുദ്ധ പരിശീലന പരിപാടിയിൽ അതിരൂപത ഡയറക്ടർ 10.03.2019 ഞായറാഴ്ച കാലത്ത് 11.30 ന് ബോധവൽക്കരണ ക്ലാസ് എടുത്തു. ശ്രീ. ഇ.എ. ജോസഫ്, അഖിൽ പോൾ തുടങ്ങിയവരാണ് നേതൃത്വം വഹിച്ചത്.

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി.ആർ.ഒ

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ





2019 മാർച്ച് 31നു കൂദാശയും
പ്രതിഷ്ഠാകർമ്മവും നിർവഹിക്കപ്പെട്ട
മുണ്ടൂർ  ഇടവക മൗണ്ട് കാർമ്മൽ
ദൈവാലയവും അൾത്താരയും



Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS


₹ **25/-**
Date of Publication 24.05.2019
**June-2019**

# അതിരൂപത ദിനം 2019



**2019 മെയ് 20 ന് പഴുവിൽ നടന്ന അതിരൂപത ദിനം ബഹു. തൃശൂർ ജില്ലാ ജഡ്ജി ശ്രീമതി സോഫിയ തോമസ് ഉദ്ഘാടനം ചെയ്യുന്നു**

## അതിരൂപത അവാർഡ് ജേതാക്കൾ 2019



**ഫാ. സെബാസ്റ്റ്യൻ കുന്നത്ത്**
*(കുന്നത്ത് ട്രസ്റ്റ്)*



*Late:* **സപ്ന ജോജു ചിറ്റിലപ്പിള്ളി**
ചിറ്റാട്ടുക്കര *(മരണാനന്തര ബഹുമതി)*

**Family Apostolate Training & Research Centre**
(Holy Family Congregation)



**ജോർജ്ജ് നെല്ലിശ്ശേരി**
വലപ്പാട്

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor